# ത്രിപുരദഹനം

## തുള്ളക്കഥ.

‘പാഠശാലകളുടെ ഉപയോഗത്തിനായി ഗവർമെൻറിൻെറ ആവശ്യപ്രകാരം സംസ്കരിച്ചു അച്ചടിപ്പിച്ചിട്ടുള്ളതു്.’


പ്രസാധകന്മാർ.

കെ. ആർ. കൃഷ്ണപിള്ള ബി. ഏ.

പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ.



ബി. വി. ബുക്ക് ഡിപ്പൊ,

തിരുവനന്തപുരം.

പകൎപ്പവകാശം.

പ്രകടനാധികൃതൻ

കുളക്കുന്നത്തു് ഗോപാലമേനോൻ.


☞ പ്രസാധകൻ കെ. ആർ. കൃഷ്ണപിള്ള ബി. ഏ. യുടെയും പ്രകടനാധികൃതൻെറയും മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

വില ചക്രം 8.

ബി. വി. ബുക്ക് ഡിപ്പോ പ്രവൎത്തകന്മാൎക്ക് വേണ്ടി,

എൽ. സി. കോശി

'സുബോധിനി' പ്രസ്സിൽ അച്ചടിച്ചതു്.

ഒന്നാം പതിപ്പ് കാപ്പി ൧൦൦൦,

1084.

# മുഖവുര

ഏതാനം വർഷങ്ങൾക്കുമുമ്പിൽ നടപ്പുണ്ടായിരുന്ന "വിനോദമാലിക" എന്ന മാസികയിൽ ഈ കാവ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നതിനെ പരിശോധിച്ചാണു്, ഈ പതിപ്പു തയാറാക്കിയിട്ടുള്ളതു്. മ. രാ. രാ. പി. കെ. നാരായണപിള്ള അവർകൾ ബി. എ. ബി. എൽ. മ. രാ. രാ. കെ. ചിദംബരവാദ്ധ്യാർ അവർകൾ ബി. എ. ഇവർ ഈ തുള്ളക്കഥയുടെ ഓരോ കയ്യെഴുത്തു് പ്രതി സദയം അയച്ചുതന്നു് സഹായിച്ചിട്ടുള്ളതിലേക്കു് ഞാൻ ഈ മഹാശയന്മാരോടു വളരെകൃതജ്ഞനായിരിക്കുന്നു. പള്ളിക്കൂടങ്ങളിൽ ഒരു പാഠപുസ്തകമായി ഉപയോഗപ്പെടണമെന്നുള്ള കരുതലോടുകൂടിയാണു്, ഈ തുള്ളക്കഥ ഇപ്പോൾ അച്ചടിപ്പിച്ചിട്ടുള്ളതു്. അതിനാൽ ഇതിന്റെ രണ്ടാംകളത്തിന്റെ ആദിയിലെ വിഷ്ണുസ്തുതിയിൽ ഏതാനം വരികൾക്കു ശരിയായ അൎത്ഥം ജനിക്കാത്ത വിധത്തിൽ വൈകല്യം ഭവിച്ചിരിക്കുന്നതായിക്കണ്ടു് അവയെ തൽക്കാലം ഉപേക്ഷിക്കേണ്ടിവന്നു. രണ്ടാംകളത്തിന്റെ അവസാനത്തിൽ നാരദൻ ത്രിപുരന്മാരുടെ ഭാൎയ്യമാരെ അധൎമ്മത്തിൽ പ്രേരിപ്പിക്കുന്നഭാഗം വിദ്യാൎത്ഥികൾക്കുള്ള പാഠപുസ്തകത്തിൽ വിശിഷ്യ അനുചിതമായിരിക്കുന്നതിനാൽ അതിനെയും വർജ്ജിച്ചിട്ടുണ്ടു്. ഒന്നാം കളത്തിന്റെ അവസാനത്തിലുള്ള പ്രാകൃതവും അതിന്റെ ച്ഛായ ഊഹിക്കാൻപാടില്ലാത്തവിധത്തിൽ ദുഷിച്ചിരിക്കുന്നതായിക്കണ്ടു് തൽക്കാലം വിട്ടിരിക്കുന്നു.

എന്നു്. കെ. ആർ. കൃഷ്ണപിള്ള ബി. എ.

Malayinkil Reading Room

BOOK DEPOT.

# പ്രസ്താവന

:o:

താരകാസുരനാൽ പീഡിതന്മാരായ ദേവന്മാർ "സംന്യസിച്ചുഭഗവാനെക്കൊണ്ടു വേളികഴിപ്പി"ക്കയും ഠരം വേളിയിൽജനിച്ചു സന്താനമായ സുബ്രഹ്മണ്യൻ താരകാസുരനെ വധിക്കയുംചെയ്തു. താരകൻെറ പുത്രന്മാരായ താരകാക്ഷൻ, കമലാക്ഷൻ, വിദ്യുന്മാലി ഇവരുടെ വൃത്താന്തമാണ് ഠരം തുള്ളക്കഥയുടെ വിഷയം. ദേവന്മാരോടു നിഷ്കൃതിചെയ്യാൻ വേണ്ട വരബലം സമ്പാദിക്കുന്നതിനായി ഈ അസുരന്മാർ മൂന്നുപേരുംകൂടി ബ്രഹ്മാവിനെ തപസ്സുചെയ്യുന്നു. അവർ

"ഹേലയായങ്ങൊരുകാലും ഭൂതലത്തിലുറപ്പിച്ചു
മീലിതാക്ഷിദ്വയന്മാരായ് നിന്നുനൂറായിരംവർഷം"

തപസ്സുചെയ്തതിൻെറശേഷം പ്രത്യക്ഷനായിത്തീൎന്നബ്രഹ്മാവ് അവരുടെ അഭിലാഷങ്ങൾ ചോദിക്കുന്നു. നിശ്ചലമായശിവഭക്തിയും ത്രൈലോക്യത്തെ ജയിക്കുന്നതിനു മതിയായബലവും ഉണ്ടാകണമെന്നും മൂന്നുപേൎക്കും ഓരോ നഗരം വേണമെന്നും ഈ നഗരം അവരോടുകൂടി സൎവദിക്കിലും സഞ്ചരിക്കണമെന്നും വരങ്ങൾ വരിച്ചതുകൂടാതെ. ആയിരം വർഷം അന്യോന്യം പിരിഞ്ഞു നടന്നതിൻെറശേഷം മൂന്നേമുക്കാൽനാഴികനേരം മൂന്നുപേരും എവിടെ എങ്കിലും ഒരുമിച്ചു ചേരാമെന്നും

"അപ്പോഴങ്ങൊരസ്ത്രംകൊണ്ടൊരുത്തൻമൂന്നുപേരേയും
ഒപ്പമാശുവധിച്ചെന്നാലന്നുചാവാൻമടിയല്ല"

ന്നെന്നും അവർ സമ്മതിക്കയും ചെയ്യുന്നു. ഈ വരങ്ങൾ ലഭിച്ചതിന്റെശേഷം ത്രിപുരന്മാർ ലോകവാസികളെ കഠിനമായി പീഡിപ്പിക്കയും, അവരുടെ ദുഷ്ടകർമ്മങ്ങളെക്കുറിച്ച് ദേവന്മാർ പാലാഴിയിൽചെന്ന് ആവലാതിപറകയും, മഹാവിഷ്ണു ദേവന്മാരെക്കൂട്ടിച്ചുംകൊണ്ടു കൈലാസത്തിങ്കൽ എത്തുകയുംചെയ്യുന്നു. ദേവന്മാരോടു ശ്രീപരമേശ്വരനെ സ്തുതിക്കുന്നതിന്നു ആജ്ഞാപിച്ചിട്ട്, ശ്രീനാരായണൻ നാരദമുനിയോടുകൂടി അവിടെനിന്നുമറഞ്ഞു് മഹാവിഷ്ണു ഒരു ബുദ്ധസന്യാസിയുടെ വേഷത്തിലും നാരദൻ സന്യാസിയുടെ ശിഷ്യഭാവത്തിലും ഒരാൽത്തറമേൽ ചെന്നുകൂടുന്നു. ഈ ആൽത്തറയിലാണ് പുരന്മാർ ആയിരം വർഷം പിരിഞ്ഞുനടന്നശേഷം ഒരുമിച്ചുകൂടുന്നതു്. പുരന്മാരും ഈ അവസരത്തിൽ അവിടെവന്നുചേരുന്നു. ബുദ്ധസന്യാസി ലോകായതവാദംകൊണ്ടു് അവരേ വ്യാമോഹിപ്പിക്കയും, അവർ ശിവഭക്തിയെകൈവെടിഞ്ഞു് ക്ഷണത്തിൽ ഈശ്വര ദ്വേഷികളായിത്തീരുകയും ചെയ്യുന്നു. അനന്തരം ദേവന്മാരുടെ പ്രാർത്ഥനയാൽ ആർദ്രചിത്തനും ത്രിപുരന്മാരുടെ ദുഷ്ടതയാൽ കുപിതനുമായ പരമശിവൻ ഒരിക്കൽ തന്റെ ഭക്തന്മാരായിരുന്ന അസുരന്മാരെ സംഹരിക്കുന്നു.

ഇപ്രകാരമാണ് ത്രിപുരവൃത്താന്തം ഈ തുള്ളക്കഥയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. ഇതിഹാസസർവ്വസ്വമായ ഭാരതത്തിൽ ഇതു് ഒരു ഉപകഥയായി പറയപ്പെടുന്നുണ്ടു്. കർണ്ണന്റെ തേരു നടത്തണമെന്നു ദുര്യോധനൻ ശല്യരോടു് അപേക്ഷിക്കയും, അതു തനിക്കു ലാഘവകരമാണെന്നു ശല്യർ ശഠിക്കയും ചെയ്തപ്പോൾ, ബ്രഹ്മാവു് ഒരിക്കൽ ശിവന്റെ സൂതകർമ്മം വഹിച്ചുഎന്നു് പുരോപാഖ്യാനത്തെ ദുര്യോധനൻ ശല്യരോടു പറകയാണു് ചെയ്യുന്നതു്. എന്നാൽ ഈ ഭാഗത്തിൽ ഭാരതവും തുള്ളക്കഥയും തമ്മിൽ സാരമായ ഒരു വ്യത്യാസം ഉണ്ടു്. ഭാരതത്തിൽ ബുദ്ധമുനിയെപ്പററി യാതൊരുപ്രസംഗവുംഇല്ല. തുള്ളക്കഥയിൽ ബുദ്ധസന്യാസി ത്രിപുരന്മാരുടെ നാശത്തിന്നു് സുഷ്ടമേകാരണഭൂതനായിട്ടാണു് നിൽക്കുന്നതു്. ഈ കഥയുടെ ആദ്യമായരൂപം ഭാരതത്തിൽ കാണുന്നതുപോലെതന്നെ

ത്തയിരിക്കാം. സ്വമതത്തിൽ ദൃഢനിഷ്ഠന്മാരായ ഹിന്ദുക്കളിൽ അസംഖ്യംപേരെ ആ മതത്തിൽനിന്നു് ആകർഷിക്കയും അല്പകാലമെങ്കിലും ആ മതത്തിന്നു് വല്ലാത്ത പരുങ്ങൽ ഉണ്ടാക്കിത്തീക്കയും ചെയ്ത സാക്ഷാൽ ബുദ്ധന്റെ മാഹാത്മ്യത്താൽ വിസ്മിതരായ ബ്രാഹ്മണർ അദ്ദേഹത്തെയും മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നായി പ്രദർശിപ്പിക്കുന്നതിനു ചെയ്ത ശ്രമത്തിന്റെ ഫലമല്ലയൊ ത്രിപുരോപാഖ്യാനത്തിന്നു് ഈ തുള്ളക്കഥയിൽ കാണുന്ന ആകൃതിയെന്നു യുക്തിപൂർവം സംശയിക്കാവുന്നതാണു്. ഈ കഥ ആദ്യമായി ഈ രൂപത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു് ഏതു പുരാണത്തിലാണെന്നു നിശ്ചയമില്ല. എന്നാൽ ചാക്യാർക്കൂത്തിൽ 'ത്രിപുരദഹനം' പ്രസംഗിക്കപ്പെടുന്നതു് ഈ തുള്ളക്കഥയുടെ മാതിരയിൽ തന്നെയാണു്. അതിനാൽ ചാക്യാർക്കൂത്തിനെ അനുസരിച്ചു് നമ്പ്യാർ തന്റെ കവിതയെ നിർമ്മിച്ചു എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഗതാനുഗതികമായ അനുകരണം നമ്പ്യാർക്കു് ഒട്ടും ഹിതമായിട്ടുള്ളതല്ല. അതിനാൽ അദ്ദേഹത്തിന്റെ സഹജവും നിരങ്കുശവുമായ മനോധർമ്മത്തിനും കല്പനാശക്തിക്കും പതിവുപോലെയുള്ള സ്വാതന്ത്ര്യം ഈ തുള്ളക്കഥയിലും അനുവദിക്കപ്പെട്ടിട്ടുണ്ടു്. ത്രിപുരന്മാരുടെ പുരങ്ങളെയും അവരുടെ ബാധയാൽ സ്വർഗ്ഗത്തും ഭൂമിയിലും നേരിട്ട 'അമളി'കളെയും ദേവന്മാർ മഹാവിഷ്ണുവിന്റെ അടുക്കൽ സങ്കടം പറയുന്നതിനെയും മററും വർണ്ണിക്കുന്നതിൽ ഈ മനോധർമ്മത്തിന്റെ വ്യാപാരം എത്ര പ്രത്യക്ഷമായിരിക്കുന്നു!

"പത്തുനൂറു ദനുജന്മാർ വീട്ടുകത്തിത്തകർക്കുമ്പോൾ
ഉത്തരത്തിന്മേലേറിപ്പാർത്തുപോലും കുഞ്ഞുരാമൻ
കത്തിവച്ചപാവയെന്നങ്ങോർത്തുപോയസുരകൾ"

എന്നും മററും ഈ പുസ്തകത്തിൽ കാണുന്ന അനേകം ആശയങ്ങൾ നമ്പ്യാരുടെ കല്പനാശക്തിക്കു് അനുചരങ്ങളായ സാക്ഷികളത്രെ. തന്റെ കാലത്തുണ്ടായിരുന്ന പ്രഭുക്കന്മാരുടെ ഓരോദുഷ്പ്രാഭവങ്ങളും ജനങ്ങളുടെ സമുദായസ്ഥിതിയും തൊഴിലുകളും അവരുടെ ശിഷ്ടതയും ഭ്രഷ്ടതയും ഉൽകർഷവും അപകർഷവും എല്ലാം തന്റെ കവിതാ ദർപ്പണത്തിൽ പ്രതി

ബിംബിപ്പിക്കുന്നതിന് നമ്പ്യാർക്കുള്ള പാടവത്തെ ഈ പുസ്തകത്തിൽനിന്നു നമുക്ക് നല്ലവണ്ണം മനസ്സിലാക്കാൻ കഴിയുന്നു.

രചനാഗുണത്തിലും ഈ പുസ്തകം നമ്പ്യാരുടെ ഒന്നാന്തരം തുള്ളക്കഥകളിൽഒന്നായി ഗണിക്കപ്പെടുന്നതിന് അർഹതയുള്ളതാണ്. അനർഗ്ഗളമായ വാക്പ്രവാഹത്തിൽക്കൂടി പായുന്ന വായനക്കാരുടെ മനസ്സിനെഅലങ്കാരവിചിത്രിതങ്ങളായ വാക്യങ്ങളും സരളങ്ങളായ ലോകോക്തികളും അനുക്ഷണം ആകർഷിക്കുന്നു. ഹൃദ്യങ്ങളായ അർത്ഥാലങ്കാരങ്ങൾക്ക് പുറമെ

"തിത്തിവീണകളിത്തരങ്ങൾകളിത്തരങ്ങൾ തുടങ്ങിയും"

"അഞ്ചുമാറുള്ള ഭാവങ്ങൾ അഞ്ചുമാറുള്ളപൊന്മാലാ"

എന്നും മററും സരസങ്ങളായ ശബ്ദാലംകാരങ്ങളും ഈ കവിതയിൽ ഒട്ടും കുറവല്ല.

"ഉറക്കത്തിൽപ്പണിക്കത്തമൊരുത്തർക്കുംവരത്തില്ല"

"ഗുണമില്ലാത്തവനെക്കൊണ്ടിണങ്ങുകിലുംഫലമില്ല"

"ചണ്ഡാളൻപറഞ്ഞാലുംനല്ലതെങ്കിൽഗ്രഹിക്കേണം"

ഇപ്രകാരം കമനീയങ്ങളായ കേവണങ്ങളിൽ ബന്ധിക്കപ്പെട്ട അനേകരത്നങ്ങൾഈകാവ്യത്തിൽ വികീർണ്ണങ്ങളായിക്കിടക്കുന്നവ കേവലം അന്ധന്മാരല്ലാത്ത വായനക്കാർക്ക് സുഗ്രാഹ്യങ്ങളാകുന്നു. രസാത്മകങ്ങളായ വാക്യങ്ങളെക്കൊണ്ടു പരിതോഷത്തെയും ഹിതോപദേശത്തെയും ഏകകാലത്തിൽചെയ്യുകയെന്ന കാവ്യധർമ്മത്തെ ഈ പുസ്തകം തൃപ്തികരമായവിധത്തിൽ അനുഷ്ഠിക്കുന്നുണ്ട്.

ഈ തുള്ളക്കഥ ഏതുകാലത്ത് ഉണ്ടാക്കപ്പെട്ടു എന്നുസൂക്ഷ്മമായി ക്ലിപ്തപ്പെടുത്താൻ നിവൃത്തിയില്ല. 923-ൽ ചെമ്പകശ്ശേരി രാജ്യം മാർത്താണ്ഡവർമ്മ മഹാരാജാവിനാൽ അടക്കപ്പെട്ടതിന്റെശേഷം നമ്പിയാർ അമ്പലപ്പുഴനിന്നു തിരുവനന്തപുരത്തുവന്നു താമസം തുടങ്ങി. പിന്നീട്തന്റെ മരണത്തിന്അല്പംമുമ്പു വരെയും അദ്ദേഹം തിരുവനന്തപുരത്തു തന്നെ താമസിച്ചതായിട്ടാണ് കാണുന്നത്. ഈ കാലത്തുണ്ടാക്കിയിട്ടുള്ള തുള്ളക്കഥകൾ പ്രായേണശ്രീപത്മനാഭനെയുംതിരുവിതാംകൂർ മഹാരാജാവിനേയും വാഴ്ത്തിമുദ്രപ്പെടുത്തിയിട്ടുള്ളവയാകുന്നു. പ്രസ്തുതപുസ്തകത്തിൽ ഈവക മുദ്രകൾ

യാതൊന്നും കാണാനില്ലാത്തതിനാൽ ഇതു നമ്പിയാർ തിരുവനന്തപുരത്തു താമസം തുടങ്ങുന്നതിനുമുമ്പിൽ അതായതു്, 923-ാമാണ്ടിനുമുമ്പിൽ ഉണ്ടാക്കപ്പെട്ടതെന്നു ന്യായമായി ഊഹിക്കാവുന്നതാണു്. കവി അമ്പലപ്പുഴ വന്നതിന്റെ ശേഷമാണു് ഈ കാവ്യം ഉണ്ടാക്കിയിട്ടുള്ളതെന്നു വിചാരിക്കാൻ അതിന്റെ ആരംഭത്തിൽ മതിയായ ലക്ഷ്യങ്ങളുണ്ടു്. 917-ാമാണ്ടിടയ്ക്കു് മാർത്താണ്ഡവർമ്മമഹാരാജാവു കോട്ടയം മുതലായ സ്ഥലങ്ങളെ ആക്രമിച്ചു കീഴടക്കിയതിന്റെ ശേഷമായിരിക്കുമൊ നമ്പ്യാർ കിടങ്ങൂരിൽനിന്നു് അമ്പലപ്പുഴയ്ക്കു മാറിയതു് എന്നൊരുപക്ഷം മ. രാ. രാ. പി. കെ. നാരായണപിള്ള അവർകൾ സൂചിപ്പിക്കുന്നുണ്ടു. ഈ പക്ഷത്തെ സ്ഥാപിക്കുന്നതിനു മതിയായ തെളിവുകൾ കിട്ടുന്നതായാൽ ത്രിപുരദഹനം തുള്ളക്കഥ കൊല്ലം 917-നും 923-നും മദ്ധ്യേ ഉണ്ടാക്കിയിട്ടുള്ളതാണെന്നു നിർണ്ണയിക്കാം. ഈ ഭാഗത്തെപ്പററി ഇതിലധികം ഖണ്ഡിതമായി ഒന്നും പറയാൻ ഇപ്പോൾ തരമില്ല.

MALAYINKEL

Ramakrishna Pillay No-44

51

SRI KRISHNAVILASAM READING ROOM MALAYINKEEZH

# ത്രിപുരദഹനം

## പറയൻ തുള്ളൽ

### ഒന്നാം കളം

പ്രണതവത്സലൻദേവൻ പ്രണവപാവനാകാരൻ
പ്രണയപേശലൻലോക പ്രണയദായകൻവീരൻ
ത്രിണയനാത്മജൻധീരൻ തൂണീഭൃതാരിസംഘാതൻ
ഗണനഹീനമാമോരോ ഗുണങ്ങൾക്കാശ്രയഭൂതൻ
ഗണപതിഭഗവാൻമേ തുണയായിഭവിക്കേണം,
ക്ഷണനേരമിളയ്ക്കാതെ വണങ്ങുന്നേൻവടിവോടെ.
തണർത്തകണ്ണിണകൊണ്ടു തണുപ്പിച്ചീടണമെന്നെ.
വണങ്ങുന്നജനങ്ങളിലിണങ്ങും ദേവതമാരും;
മണമുള്ളമലർതന്നി ലണയും വണ്ടുകൾപോലെ.
പിണങ്ങുന്നജനങ്ങൾക്കു തുണചെയ്വാനാരുമില്ലാ:
തണലില്ലാത്തവൃക്ഷത്തെ ശ്ലാഘിക്കുമോപഥികന്മാർ?
ഗുണമില്ലാത്തവരെക്കൊണ്ടിണങ്ങുകിലും ഫലമില്ലാ;
രണഭീരുക്കളെവേണ്ടാ തനിച്ചുമന്നവന്മാൎക്കും.
പ്രാണികൾക്കുമനക്കാമ്പിൽ പ്രീണനങ്ങൾവരുത്തുന്ന
വാണിഭംഗിവിലാസങ്ങൾ ഭവനാമെങ്കിൽ, ബുധന്മാരെ
ഉണറക്കംനിനയ്ക്കാതെ കാണിനേരമിളയ്ക്കാതെ
ഏണശാബമിഴിയാളാം വാണിതന്റെചരണാന്തേ,
പാണിരണ്ടുംകൂപ്പിമെല്ലെ ത്താണുവീണുവണങ്ങേണം.
വാണിതന്റെകൃപയാലി ക്ഷോണീചക്രംജയിച്ചീടാം;
ക്ഷീണഭാവമൊരുനേരം കാണുകില്ലെന്നറിഞ്ഞാലും.
വാണിമാതാവിനെത്താണു വണങ്ങുവാൻമടിക്കുന്ന
പ്രാണികൾക്കുസമക്ഷത്തു നാണക്കേടുഭവിച്ചീടും.
കോണിലെങ്ങാനൊരേടത്തു തൂണുപോലെയിരിക്കാതെ
വാണികൊണ്ടുഫലിപ്പിച്ചീടേണമെല്ലാജ്ജനങ്ങളും;
നാണിയത്തിന്നിതുതന്നെ വേണമെന്നമതിയാവൂ.
ഭോഷനായഞാനുമിപ്പോൾ ഭാഷതന്നെചമയ്ക്കുന്നു,

ശേഷമുള്ള ജനങ്ങൾക്ക ഭാഷണത്തിന്നൊരു മാർഗ്ഗം
ഏഷണിക്കാരിത്തുകൊണ്ടു ദൂഷണങ്ങൾ പറഞ്ഞാലും,
ശേഷശായികൃപയാലെ ഭൂഷണമാസ്പദമത്രെ.
അമ്പലപ്പുഴമേവുമംബുജലോചനൻകരുണാകരൻ
ഇമ്പമോടടിയന്റെ മാനസ കമ്പമൊപ്പൊടകറ്റണം.
വൻപനായകിരീടി തന്നുടെ തേരിലേറിനടന്നുടൻ
വൻപടയ്ക്കിടകൂടിയേറ്റൊരു ന്നൂറുപേരെമുടിച്ചവൻ
കുമ്പിടുന്ന നമുക്കുവാക്കിനു ജൃംഭണങ്ങൾ വരുത്തണം.
ചെമ്പകശ്ശേരിനാടുവാണരുളീടുമെന്നുടെതമ്പുരാൻ
ചമ്പകാവലികോമളാകൃതിയായദേവനാരായണൻ
സാമ്പ്രതം തുണയായ്വരേണമെനിക്കനൽക്കലഭൂഷണൻ.
സകലഗുണഗണനിലയനാകിയ ഭൂതനാഥനനാമയൻ
തകഴിയിൽക്കുടികൊള്ളുമീശ്വര നടിയനാശ്രയമെപ്പൊഴും;
വികടരിപുഭടപടയിലുടനുടനേറ്റവെട്ടിയമർത്തുവാൻ
പ്രകടപടുബലമുടയഹരിഹരതനയനിന്നുതുണയ്ക്കുമാം.
ധരണിസുരവരമകുടമണിമമ ധാർമ്മികൻഗുരുനാഥനും
പരിചിലടിയനുപടുതവരുവതിനേറ്റമൊന്നുതുണയ്ക്കണം.
പരമഗുരുവരചരണസരസിജസേവകൊണ്ടുസമസ്തവും
നൂനവിരവൊടുവരു,മതൊരുസുരദാരുചാരുലഭിക്കണം.
നന്ദികാടപ്പ നായകൻ ഗുരുബാലരവിപരദൈവതാ
നന്ദിനൽകണമിന്നുമേതിരുകണ്ടകാപുരിഭഗവതീ.
കള്ളർകോട്ടമരുന്നശങ്കരനുള്ളിൽവന്നുവിളങ്ങണം;
വെള്ളിമാമലവാസികിള്ളികുറിശ്ശിവാണമഹേശനും.
കാലത്തിൽപകൽച്ചകൾമനുജർക്കുനിനവില്ലാ
കാലത്തെഉണരുവാൻമടിപാരംബുധന്മാർക്കും
കാലൻവന്നണയുമെന്നൊരുപേടിയതുമില്ലാ
കാലാരിചരിതങ്ങൾനിനപ്പാനുംമനസ്സില്ലാ.

..................................................................

..................................................................

വെയിലെന്നുംമഴയെന്നുംരാവെന്നുംപകലെന്നും
വാലേതുതലയേതെന്നറിയാത്തപുരുഷന്മാർ
കൊല്ലുന്നപരിഹാസംപറഞ്ഞിട്ടുംചിരിച്ചിട്ടും

കാലങ്ങൾവൃഥാതന്നെ കഴിക്കുന്നുമരിക്കുന്നു.
ബ്രഹ്മസ്വംമുടിപ്പാനുംദേവസ്വംമുടിപ്പാനും
ഡിംഭന്മാൎക്കൊരുനാളുംമടിയില്ലമനക്കാമ്പിൽ.
ബ്രഹ്മാവുശിരസ്സിങ്കൽവരച്ചതുനിരസിപ്പാൻ
ബ്രഹ്മാണ്ഡകടാഹത്തിലൊരുത്തൎക്കുമെളുതല്ല.
ബ്രാഹ്മണവരന്മാരെപ്പരിചൊടുവണങ്ങണം
ബ്രാഹ്മണർനമുക്കെല്ലാമീശരെന്നിരിക്കേണം;
ബ്രാഹ്മണ്യമായജന്മം ജനിപ്പാനുമെളുതല്ലാ,
ബ്രാഹ്മണ്യമായകൎമ്മം നടത്താനുംപണിതന്നെ.
ചണ്ഡാളൻപറഞ്ഞാലുംനല്ലതെങ്കിൽഗ്രഹിക്കേണം,
ചണ്ഡീശൻകടാക്ഷങ്ങളവനിലുംഭവിച്ചീടും.
ഒട്ടേറെയറിവുള്ളപട്ടേരിപറഞ്ഞാലും
പട്ടാങ്ങിന്നൊരുത്തിലെന്നാൽ നിരൂപിച്ചുനടക്കാവൂ.
കാവ്യങ്ങൾപുരാണങ്ങൾ നാടകങ്ങളിവയെല്ലാം
ദ്രവ്യംകിട്ടുമെന്നാകിൽപഠിക്കുന്നുചിലരിപ്പോൾ.
ദ്രവ്യത്തിങ്കലല്ലാതെയൊരുനേരംമനസ്സില്ലാ
ഭവ്യന്മാൎക്കുപിന്നെമതിയെന്നുംവരത്തില്ലാ.
ശാസ്ത്രങ്ങൾപലവട്ടംപഠിച്ചാലുംനടിച്ചാലും
ശാസ്ത്രിയെന്നുള്ളനാമംലഭിപ്പാനുമെളുതല്ല.
ശാസ്ത്രികൾപലരെയുംപറഞ്ഞങ്ങുജയിച്ചെങ്കിൽ
ശാസ്ത്രിശാസ്ത്രിയെന്നെല്ലാംജ്ജനങ്ങളുമുരചെയ്യും.
വേദാന്തപ്പൊരുളെല്ലാമറിയുന്നബുധന്മാരി
ങ്ങേതാനുംചിലരുണ്ടാം പലർകൂട്ടംസഭതന്നിൽ.
വാദത്തിന്നൊരുമ്പെട്ടുമതിയല്ലെങ്കിലുംനല്ല
വേദത്തിൽവെളിവുണ്ടാമതുകൊണ്ടെന്നറിഞ്ഞാലും
മോക്ഷമെന്നുപറയുന്നസാധനത്തെലഭിക്കേണം
രൂക്ഷകൎമ്മങ്ങളെയെല്ലാംത്യജിക്കേണംസുഖിക്കേണം
സാക്ഷരന്മാർമരിക്കുമ്പോൾരാക്ഷസന്മാരെന്നുതീരും
പക്ഷപാതമതുപിന്നെഅക്ഷരവിദ്യയിൽവേണം.
ദൂരെനിൽക്കുംപറയനിസ്സാരമെല്ലാമറിയാമൊ?
ധാരണയ്ക്കുകുറവില്ലാത്താരണന്മാരുടെമുമ്പിൽ.
ആരണഞ്ഞുപിണങ്ങുന്നുഎന്നുമാരുംകലമ്പേണ്ടാ,

ഭാരതീതൻവിലാസങ്ങളാൎക്കുമേതുംഭേദമില്ലാ.
പാരിടത്തിൽനിരൂപിച്ചാൽ, നേരുതന്നെയുരചെയ്യാം;
സാരബോധംകലികാലേനീചജാതിക്കേറുമത്രെ.
കേളികേട്ടപാക്കനാരാംപറയൻെറകുലംതന്നിൽ
കേൾവികൾക്കുവിരുതുള്ളോരടിയനുംപുറന്നുള്ളു.
കാലകാലൻഭഗവാൻെറചരിതങ്ങളുരചെയ്യാൻ
ആളുഞാനെന്നൊരുഭാവമടിയത്തിനുണ്ടുതാനും
കാളതൻെറതോളിലേറിക്കളിക്കുംപാൎവ്വതീകാന്തൻ
താളമൊന്നുംപിഴയ്ക്കാതെകാത്തുകൊള്ളുന്നുമാമെങ്കിൽ
മേളമോടെപറഞ്ഞീടാംത്രിപുരദാഹമെന്നേററം
കേളിയുള്ളകഥാരത്നം; കേട്ടുകൊൾവിൻബുധന്മാരെ!
താരകനാമസുരൻെറ തനയന്മാർമൂവരുണ്ടായ്
താരകാക്ഷൻകമലാക്ഷൻവീരനായവിദ്യുന്മാലി.
താരകേശചൂഡനായഭഗവാൻെറമകനായ
താരകാരിയവരുടെതാതനെക്കൊന്നൊരുശേഷം
നാരദൻെറകനിവുകൊണ്ടവൎക്കുള്ളിലൊരിക്കലും
മാരഹന്താവുടെനേരെവൈരമേതുംഭവിച്ചില്ല.
വൈരമെല്ലാംസുരന്മാരിൽഉഴക്കുന്നുദിനന്തോറും
ഗൌരിതൻെറരമണങ്കൽ ഭക്തിയുംചെന്നുറയ്ക്കുന്നു.
ദാരുണന്മാരവർപിന്നെഘോരകൎമ്മങ്ങൾചെയ്യാനും
വൈരികളാംസുരന്മാരെപോരിലാശുജയിപ്പാനും,
ഭൂരിഗൎവ്വംനടിപ്പാനുംക്രൂരഭാവംനടിപ്പാനും,
വീൎയ്യമുണ്ടാകുവാനുള്ളപ്രയത്നത്തിനൊരുമ്പെട്ടു.
കൂരിരുട്ടിൻനിറമോടെനേരിടുന്നശരീരങ്ങൾ
ക്രൂരദംഷ്ട്രങ്ങളുംകണ്ടാൽ പാരമുള്ളിൽഭീതിയുണ്ടാം.
ചെമ്പരത്തിക്കുസുമത്തെകവിടീക്കുംനയനങ്ങൾ
കമ്പമെല്ലാജ്ജനങ്ങൾക്കുമിമ്പമോടേവരുത്തുന്നു.
വമ്പരാംദാനവരുടെമുമ്പിൽനിന്നുപിണങ്ങുന്ന
കൊമ്പനാനത്തലവന്മാർകൊമ്പുകുത്തിവണങ്ങേണം.
അഷ്ടലോകാധിപന്മാരുംഞെട്ടുമാറങ്ങതിക്രൂരം
അട്ടഹാസംമുഴക്കിക്കൊണ്ടെട്ടുദിക്കുംനടക്കുന്നു.
വിഷ്ടപത്തെമുടിപ്പാനുംവട്ടമിട്ടുപുറപ്പെട്ടു

ഇഷ്ടമാകും വരമെല്ലാം കിട്ടണമെന്നുറപ്പിച്ചു.
ദുഷ്ടതയ്ക്കുറവിരുതിന്നിക്കിട്ടണം, പട്ടണാന്തരം
തട്ടണംനമ്മുടെശക്തി, മുട്ടണം ദേവകൾക്കെല്ലാം,
പൊട്ടണം ഗാത്രവും, ഭേരികൊട്ടണം, കൊട്ടണച്ചോറ
ങ്ങൂട്ടണം മന്നവന്മാരെ, കാട്ടണം നമ്മുടെവീര്യം,
നാട്ടണം തോരണം, കാട്ടിക്കൂട്ടണം വിക്രമമെല്ലാം.
എങ്കിലിന്നു തരത്തിലുള്ള വരത്തെയിങ്ങു വരിക്കണം
ശങ്കയില്ല ജഗത്തുപാടെ മുടിപ്പതിന്നുചരിക്കണം
പങ്കജാലയനെ ഭജിച്ചുവരേണ്ടതൊക്കെ വരുത്തണം
പങ്കമാശുകളഞ്ഞുനമ്മുടെ സങ്കടങ്ങളകററണം.
ഇത്തരം നിജ ചിത്തതാരിലുറച്ചുകൊണ്ടസുരത്രയം
സത്വരം വിപിനാന്തരത്തിലകത്തു പുക്കവരുൾക്കടം;
സത്വഭാവമിയന്നുനിന്നു തപം തുടങ്ങിദിവാനിശം.
നല്ലനല്ലതടാകവാരിതിരഞ്ഞു ചെന്നുകുളിക്കയും
അല്ലലെന്നിയെ ഗോപിചന്ദനമെന്നിതൊക്കധരിക്കയു
ഉള്ളിലംബുജസംഭവാകൃതി ചിന്തചെയ്തു രസിക്കയും
കള്ളമെന്നിയെനല്ല മന്ത്രവരങ്ങളങ്ങുജപിക്കയും
അമരവരപുരമമരുവതിനൊരുവിരുതുകരുതിവസിക്കയും
സമരമുരുതരമുപരി വരുമിതിപെരുതുമമതയിനയ്ക്കയും
അരിശമരികളിലനിശമതുപൊഴുതതിശയേനജനിക്കയും
പരുഷചരിതമൊടനഘ മനവധിവർഷമാശുകഴിക്കയും.
നാലുഭാഗങ്ങളിൽ നല്ലുമലരിയുമെരിയിച്ചു
കാലമേതും കളയാതെദാനവന്മാരതുകാലം
നാലുവക്ത്രനുടയോന്റെ ലീലപാടിസ്തുതിചെയ്തു
പാലുതേനെന്നിവയെല്ലാം കൊണ്ടുനല്ലാഹുതിചെയ്തു
വെലുതട്ടുശരീരങ്ങൾ കോലുപോലെമെലിഞ്ഞാശു
തോലുചുക്കിച്ചുളിഞ്ഞിട്ടും ഭാവമേതും പകന്നില്ല.
ഹേലയോടങ്ങൊരുകാലം ഭൂതലത്തിലുറപ്പിച്ചു
മീലിതാക്ഷിദ്വയന്മാരായ്നിന്നുതുറായിരംവർഷം
ചുററമോരൊവള്ളി കൂടിച്ചുററിനിന്നുപടരുന്നു
പുററുവന്നുചുഴലവും പററിച്ചുററിനിറയുന്നു
താടികളിൽ ചിലമാടപ്രാവുവന്നുകൂടുകെട്ടി

മുട്ടയിട്ടുപലകാലംകൂടി യാടിക്കളിക്കുന്നു
കാടുപോലെവളൎന്നൊരു ജടതന്നിലരവങ്ങൾ
ഓടിവന്നുപലകൂടികെട്ടു പെട്ടുകിടക്കുന്നു
പേടിയാ, മന്തകൻതൻെറ കിങ്കരന്മാരെന്നപോലെ
കൂടിയാൎത്തുന്നജന്മാരിങ്ങിനെ കാനനംതന്നിൽ.
ചണ്ഡമായതപംകൊണ്ടു വിണ്ണവൎക്കുംമുനികൾക്കും
ദണ്ഡമേററംഭവിക്കയാൽപുണ്ഡരീകോത്ഭവനപ്പോൾ
ദണ്ഡവുംമാലയുംതോലും കണ്ഡികാപുസ്തകംപിന്നെ
മണ്ണുകൊണ്ടുചമച്ചോരു പിണ്ഡവുംപെട്ടിയുംകെട്ടി,
തിണ്ണല്ലാമെടുത്തും കൊണ്ടെണ്ണമില്ലാമുനികളും
വിണ്ണവരുംതാനുമായി ഹംസരാജത്തിൽമുകളേറി,
ചണ്ഡവേഗമെഴുന്നെള്ളി, കണ്ണടച്ചുവസിക്കുന്ന
പൊണ്ണന്മാരോടരുൾചെയ്തു പണ്ഡിതനാംവ് ധാതാവും
ഉണ്ണികളെമടിയാതെ കണ്ണുമെല്ലെത്തുറന്നാലും,
നിൎണ്ണയംഞാനഭിലാഷം പൂൎണ്ണമങ്ങുതരുന്നുണ്ടു്.
വേണ്ടതെല്ലാംപറഞ്ഞാലും വേണ്ടഖേദമിനിമേലിൽ
കണ്ടഭാവംകളഞ്ഞെന്നെക്കണ്ടുകൊൾവിൻപുരോഭാഗേ:
ഇത്ഥമുള്ളവിരിഞ്ചൻെറ അരുളപ്പാടതുകേട്ടു
ബദ്ധമോദമസുരന്മാർ നയനങ്ങൾതുറന്നാശു
ഭക്തിയോടങ്ങെഴുന്നേററു മൂന്നുപേരുംകരംകൂപ്പി
പത്തുനൂറുനമസ്കാരം ചെയ്തുകൊണ്ടങ്ങുണർത്തിച്ചു:
പങ്കജാസംഭവാപോററീനിൻ കൃപകൊണ്ടടിയങ്ങൾ
ശങ്കരൻെറഭക്തരായി ശങ്കവിട്ടുനടക്കേണം
വിശ്വമെല്ലാമടിയങ്ങൾ ക്കൊത്തവണ്ണംവരുത്തേണം.
വിശ്വനാഥന്മാരിദാനീ മടിയങ്ങളായ്വരേണം.
വിശ്വസിക്കുന്നവൎക്കെല്ലാം കൊടുക്കുന്നുഭവാനെന്നീ
വിശ്വലോകങ്ങളിലെല്ലാം വിശ്രുതമല്ലയോപോററി?
ഞങ്ങളോടുനേരിടുന്ന ജനമെല്ലാംമടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരും മതിയല്ലെന്നിരിക്കേണം
ഭംഗിവാക്കൊന്നരുൾചെയ്താൽ കൂടുകില്ലെന്നറിഞ്ഞാലും
ഞങ്ങളൊട്ടുംഭോഷരല്ല, ചെണ്ടകൊട്ടിക്കയുംവേണ്ടാ.
എന്തിനായിട്ടിവിടെക്കു വന്നുചാടിയതിൽപിന്നെ

ചിന്തകൊണ്ടുങ്കണക്കില്ലകിട്ടിയല്ലാതയക്കില്ലാ.
അന്തണക്കും സുരന്മാക്കും ബന്ധുവായഭവാനിപ്പോൾ
അന്തരംതെല്ലുണ്ടുതാനമെന്തുചെയ്യാം നിരൂപിച്ചാൽ
വേണ്ടതെല്ലാംതരാനുള്ള മനസ്സില്ലെങ്കിലിന്നേതും
വേണ്ടഞങ്ങളിനിയും നിന്നൊട്ടുകാലംതപംചെയ്യാം.
വേണ്ടതെല്ലാമരചെയ്യാം തരാമെന്നാൽമടിക്കാതെ.
രണ്ടുമൂന്നുവിധംവേണം വരമെന്നേമതിയാവൂ
ഭവനങ്ങൾമൂന്നുവേണം വേണ്ടതെല്ലാമതിൽവേണം
ഭുവനംമൂന്നിലുംതാനെ നടക്കേണമതുംപിന്നെ.
ഭുവനവാസികളെല്ലാമതു കണ്ടാൽനടുങ്ങേണം
ഭവനായഭഗവാങ്കൽ ഭക്തിഞങ്ങൾക്കുറയ്ക്കേണം
ആയിരംവത്സരംഞങ്ങൾ വേർപിരിഞ്ഞുനടന്നീടും,
ആയതങ്ങുകഴിയുമ്പോൾ കൂടിയെത്തുമൊരുദിക്കിൽ,
മുപ്പത്തുനാഴികകൊണ്ടങ്ങൊട്ടു കൂറിട്ടുകണ്ടെന്നാൽ
അല്പകാലമൊരുകൂററിൽ കൂടിവാഴുംമൂന്നുപേരും
അപ്പോഴങ്ങൊരസ്ത്രംകൊണ്ടൊരുത്തൻമൂന്നുപേരേയും
ഒപ്പമാശുവധിച്ചെന്നാലന്നു ചാവാൻമടിയില്ലാ.
പിന്നെയും വേർപെട്ടും ഞങ്ങളായിരംവത്സരകാലം
പിന്നെയുംകൂട്ടമവ്വണ്ണം വരംകൊണ്ടതുവരുത്തേണം.
ആമെങ്കിൽവരമിന്നു വിരവോടിങ്ങുതന്നാലും
അല്ലെങ്കിലിളക്കാതെ തെരിയ്യെന്നുനടന്നാലും.
വല്ലാതെവരുമെന്തെന്നതുകൂടെക്കരുതേണം,
ചൊല്ലിക്കൊണ്ടെട്ടുവതങ്ങു മറിക്കുംഞങ്ങളിക്കാലം.
എന്നല്ലാമവരുടെ വാക്കുകേട്ടുവിരിഞ്ചനും,
ഒന്നിച്ചുവന്നവരെ നോക്കിമെല്ലെച്ചിരിച്ചുംകൊ,
ണ്ടുന്നിച്ചകൊപമുള്ളിലടക്കിനിന്നരുൾചെയ്തു:
തന്നെക്കാമണ്ണികളെ നിങ്ങളുടെഅഭിപ്രായം
ആശാരിപ്പണിക്കനൊമ്മയന്തന്നെവരുത്തീട്ടു
ങ്ങാശയുക്കതക്കപോലെ പുരമ്മൂന്നുപണിയിപ്പിൻ.
നാശങ്ങളണയാതത പുരങ്ങളിലിരുന്നുകൊ
ണ്ടാശാന്തങ്ങളിലെല്ലാം നടന്നാലുംഭവാന്മാരും.
നിങ്ങൾമനതാരിലുള്ള വണ്ണം ഭവിക്കട്ടെ!

നിങ്ങൾക്കുത്രിപുരന്മാരെന്ന പേരുഭവിക്കട്ടെ,
ഇങ്ങിനെവരംനൽകി, സുരന്മാരുംവിരിഞ്ചനും
തിങ്ങിനമുനിമാരും ഗമിച്ചാരംബരംനോക്കി.

താരകനാമസുരൻെറ മക്കളായത്രിപുരന്മാർ
സാരമായശിവഭക്തി മുഴുത്തുമാനസതാരിൽ,
ചാരുവായജടാഭാരം ധരിച്ചുതുമ്പയുംചൂടി
ചാരമെല്ലാമടിതൊട്ടു മുടിയോളംപൂശിനന്നായ്,
ചേരുമാറപുലിത്തോലു മുടുത്തുകൌതുകത്തോടെ,
ഭൂരിരുദ്രാക്ഷജാലങ്ങളണിഞ്ഞു കണ്ഠദേശത്തിൽ,
സ്വൈരമോടെശിവലിംഗംധരിച്ചുമാറിടംതന്നിൽ,
ഹാരമായതിരുനാമംജപിച്ചു മൂവരുംകൂടെ:

തരുണേന്ദുകലാധര പാഹിവിഭോ
കരുണാവരുണാലയപാഹിവിഭോ
ഹരശംകരശാകര പാഹിവിഭോ
ഗിരിജാപ്രിയ വല്ലഭപാഹിവിഭോ
സിതഭൂത വിഭൂഷണ പാഹിവിഭോ
ശിതികണ്ഠമഹേശ്വര പാഹിവിഭോ
കൃതകാലവിനാശന പാഹിവിഭോ
ജിതമാര ജടാധര പാഹിവിഭോ
വരപന്നഗഭൂഷണ പാഹിവിഭോ
നരകിന്നരസേവിത പാഹിവിഭോ
പരമേശ്വരശാശ്വത പാഹിവിഭോ
ഭുവനാധിപകാമദ പാഹിവിഭോ
ഭവഭഞ്ജനമഞ്ജുള പാഹിവിഭോ

ഇപ്രകാരംതിരുനാമ മുരചെയ്യുനടക്കുന്ന
മുപ്പുരന്മാർമയൻതന്നെസ്മരിച്ചാരാദരവോടെ
ശില്പിമാരിൽമികവേറു മയനാശുപോന്നുവന്നു.
അപ്രമേയംമയൻതൻെറ കൌശലംമന്ദിരംതീർപ്പാൻ.
അരംവേണ്ടാവാളവേണ്ടാ വാച്ചിവേണ്ടാ ഉളിവേണ്ടാ
മരംവേണ്ടാനെല്ലുവേണ്ടാകല്ലുവേണ്ടാപണംവേണ്ടാ

തരംഗനാക്കീട്ടൊരുൾക്കിൽമഴകൊണ്ടൊന്നുകൊന്തുമ്പോ ]ൾ
പുരന്താനേജനിച്ചീട്ടംതനിച്ചപർവ്വതംപോലെ.
തമ്പുരാന്മാരടിയനെചിന്തചെയ്യാനെന്തുമൂലം!
വമ്പിയന്നഭവാന്മാരൊന്നരുളിച്ചെയ്യുകേൾക്കേണം.
കല്പനകേൾപ്പതിന്നേതുംമടിയുമില്ലടിയന്.
ഇപ്രകാരമുണർത്തിച്ചാനസുരാശാരിയുമപ്പോൾ.
എന്നതുകേട്ടൊരുനേരംതാരകാക്ഷനരുൾചെയ്തു:
ഇന്നുതന്നെഭവനങ്ങൾമൂന്നുപേർക്കുംചമച്ചാലും
പൊന്നുകൊണ്ടും വെള്ളികൊണ്ടുമിരിമ്പുകൊണ്ടുമോരോ [ന്നു്
ഉന്നതമായിരിക്കേണംവിസ്തൃതമായിരിക്കേണം
പിന്നെവേണ്ടുന്നവസ്തുക്കളതിൽതന്നെജനിക്കേണം
നന്നുനന്നെന്നൊരുപോലെകേളിനീളെപ്പരക്കേണം.
വെണ്മചേരുംവചനങ്ങൾകേട്ടനേരംമയന്താനും
വെണ്മഴകൊണ്ടുടൻമൂന്നുകൊത്തിനാൻഭൂതലന്തന്നിൽ
വെണ്മണിമാളികോദ്യാനംപ്രൌഢവാപീതടങ്ങളും
പ്രൌഢിയോടെപുരംമൂന്നുംവിളങ്ങിക്കാണായിവന്നു.
മാടവുംമണിമാടവുംപതിനെട്ടുകെട്ടുനിരക്കവെ
നാടശാലകൾഹാടകാലയമോട്ടുകൂടഗൃഹങ്ങളും
ഘോടകാലയജാലവുംപലപേടകാലയകോടിയും
ചെടികാലയജാലപീടികവാടതോട്ടനടീമഠം
കുംകുമാലയമംകണങ്ങളുമങ്ങുവെൺകളിമാടവും
ശംകരാലയസംഘവുംപലമംകമാരുടെ വീടുകൾ
കോട്ടമാളികചെട്ടിപട്ടണമെട്ടുകെട്ടുകൾതട്ടുകൾ
മാട്ടുകൂടുകളാട്ടുകൂടുകളാനകുതിരഭടാലയം
ചണ്ഡികാമണിമണ്ഡപംശശിഖണ്ഡശേഖരമണ്ഡപം
മണ്ഡനാലയമണ്ഡപങ്ങളുമെണ്ണമില്ലതുനിർണ്ണയം
ചെമ്പകങ്ങളിരിമ്പകങ്ങൾകരിമ്പുരംഭകരിമ്പന
ചെമ്പരുത്തിപരുത്തിപാതിരിയത്തിയിത്തിവടങ്ങളും
മന്ദമാരുതമന്ദകമ്പിതനാളികേരതരുക്കളും
സിന്ദുവാരവുമെന്നുവേണ്ടമരങ്ങളെത്രതരങ്ങളിൽ!
ദാനവാധിപരസേനകൾക്കൊരുഹാനിയില്ലൊരുനേരവു

മാനിനീജനമൊത്തുകൂടിമനോഹരേമണിമന്ദിരേ
മദ്യകുംഭമടുക്കൽ വച്ചുകുടിച്ചുകൊണ്ടുരസിക്കയും
ഗദ്യപദ്യമുരയ്ക്കുകയുംപലവിദ്യകണ്ടുഹസിക്കയും
മദ്ദളങ്ങളടിക്കയുംകുഴൽകൊമ്പുതാളമിടുകയും
തിത്തിവീണകളിത്തരങ്ങൾകളിത്തരങ്ങൾതുടങ്ങിയും
പാക്കുവെററിലതൂക്കുപുകയിലതിന്നുതൃപ്തിയിരിക്കയും
വാക്കുതമ്മിലുരച്ചുകൊണ്ടുചിരിക്കയുംപ്രഹസിക്കയും
നല്ലകള്ളുകുടിച്ചുകണ്ണുമയങ്ങിമണ്ണിലിരിക്കയും
വല്ലപാട്ടുകളോട്ടുപാടിയൊട്ടുക്കമൊട്ടുപിഴയ്ക്കയും
പകിടപലതരമാടിയുംപകിടിരസമിടകൂടിയും
രസികജനമൊടുകൂടിയുംഹസനപുതുമകൾതേടിയും
വിരവിൽമലഹരിമധുരബലഹരിസരസനവരസപാടിയും
കലിതരസമിതിപാടിയുംകമലസുമുഖികളാടിയും
ദിതിജരുടെമോടിയുംചിതമിതവരുടെധാടിയും
പുടവതുടൽമണികടകമുടമണിമകുടവരമണികോടിയും
ഉടലിലുടനവർവാടിയുംചട്ടുലമട്ടുമലർചൂടിയും
ധനവുമനവധിതേടിയുംമഞ്ജരോടുപടക്കൂടിയും
പ്രകടഭടകലവികടകട്ടുതരകഠിനരവപരിപാടിയും
തരുണിപുരമതുതേടിയുംപെരിയവഴികളിലോടിയും
അനിശമവർക്കൊരുപേടിയുംമനസിനഘിനഘി,ചാടിയും
വിവിധബുധജനനിധനഘനരസമധമവിധികളുപാടിയും

ഇത്തരം പലഘോഷഭീഷണഭൂഷണംബഹുഭാഷണം
ചിത്തമോഹനമാംപുരത്രയമത്രതീർത്തുമയാസുരൻ.
എത്രയുംകുതുകംകലർന്നൊരുതാരകാക്ഷനമക്ഷണം
തത്രനിന്നഥതമ്പിമാരൊടുകൂടവേഗിരമേകിനാൻ:
ശില്പമെത്രയുമിപ്പുരത്രയമല്പമല്ലൊരുകൌശലം;
കല്പകത്തണലിൽപിറന്നദിവസ്പതിക്കുമിതെത്തുമോ?
ശില്പിമാരിലൊരുത്തനമ്പുനരിപ്രകാരമൊരാലയം
തീർപ്പതിന്നെളുതല്ലകില്ലതിനില്ലനല്ലഗുണാംബുധേ
എങ്കിലിന്നുഗമിക്കനീമയശങ്കയില്ലനമുക്കഹോ
നിങ്കലെപ്പൊഴുമുണ്ടെനിക്കുപ്രസാദമെന്നുധരിക്കനീ.
ശങ്കരൻ കൃപകൊണ്ടുവേണ്ടതുമൊക്കെവന്നതികത്തുതെ

എങ്കിലീഷ്ടവനംതകൎത്തു തിമിൎത്തു വാഴുവനിന്നുഞാൻ.
പാകശാസനനെപിടിച്ചുകൊടിത്തടത്തിൽമുറുക്കണം.
ലോകപാലകരോടിവന്നുപടിക്കലെങ്ങുകിടക്കണം
ലോകമൊന്നുമറിച്ചുവെക്കണമേകശാസനമാക്കണം
വാദമില്ലനമുക്കചേതസിവിക്രമങ്ങൾനടത്തണം
പട്ടണംചിലചുട്ടെരിക്കണമൊട്ടുവെട്ടിമുടിക്കണം
തോട്ടതൊക്കെമുടിക്കണംപടക്കൂട്ടിവെക്കമെടുക്കണം
നീക്കമില്ലിനിയക്ഷരാജനൊടിക്ഷണംപടവെട്ടണം
കാക്കൽവന്നുവണങ്ങണംപണമുള്ളതിങ്ങുപറിക്കണം
വെക്കമെങ്ങളകാപുരത്തിലിരുപ്പുമൻപൊട്ടുപോക്കണം
പൊക്കണങ്ങളണിഞ്ഞുകൊണ്ടവനിന്നിരന്നുനടക്കണം
വരുണനുടനിഹവരണമനവധി തരണമൎത്ഥമൊരിക്കലേ
വിരുണനവനൊരുകരുണവഴതണമത്തുനമുക്കവരുത്തണം
മരണഭയമുടനിയ്ലുമമരകളുമരുവാൻപണിചെയ്യണം
കരുണനഹിനഹികരളിലൊരു കട്ടകോളമെങ്കിലുമിന്നഹോ
ചന്ദ്രബിംബമെടുത്തെനിയ്ക്കൊരുചാണയാക്കിയരക്കണം
സാന്ദ്രശീതളകോമളംപനിനീരുമുണ്ടതിലെപ്പൊഴും
താരകാവലികൊണ്ടെനിക്കൊരുഹാരമാലചമയ്ക്കണം
താരകാക്ഷനടങ്ങുകില്ലനിനച്ചതൊക്കെവരുത്തണം.
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം
പരിചിലവരുടെ ധനവുമനവധിജനവുമനവധിതീരണം
ജംഭശാസനനന്തനിച്ചനിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടിഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം
രംഭമേനകചിത്രലേഖയുമത്രവന്നുവണങ്ങണം
ശംഭുദേവപദാംബുജദ്വയമുണ്ടെനിക്കവലംബനം.
വീരനായതാരകാക്ഷനിതഥമോരോന്നുരചെയ്തു
പൊന്നുരത്തിലകംപുക്കപള്ളിമാടംമുകളേറി
അങ്ങുമിങ്ങുംനടക്കുന്നോരസുരന്മാരതുനേരം
തങ്ങൾതങ്ങൾപടയോടെവന്നുവന്നുനിറയുന്നു.
ഒററവാളുംപരിചയുംപത്തിവാളുംകോപ്പുവാളും
മറവുത്തുലംകട്ടത്തിലവേലചക്രാംഭിണ്ഡിപാലം,

ഊററമായപരിഘങ്ങൾതോക്കുവില്ലുംചുരികയും
കാററുവെല്ലുംശരങ്ങളുംകുന്തവുംചന്തമോടെല്ലാം,
അററമില്ലാത്തായുധങ്ങൾകരങ്ങളിലെടുത്തുംകൊ
ണ്ടുററവരാമസുരന്മാർവന്നുചുററുംനിറയുന്നു.
മുററുമോരോപദാൎത്ഥങ്ങൾ കാഴ്ചവച്ചുവണങ്ങുന്നു.
ചുററുമെല്ലാംനിറഞ്ഞങ്ങുതിങ്ങിനിൽക്കുന്നുഭൃത്യന്മാർ.
ഉള്ളിൽപേടിയുംതേടിചിലമന്ത്രിപ്രവരന്മാർ
പള്ളിശ്ശ്രാമ്പിമേലേറിത്തിരുമുമ്പിൽചെന്നുമെല്ലെ,
പള്ളിക്കട്ടിലിൻതാഴെനിന്നുമൂക്കിൽവിരൽരണ്ടും
തള്ളിക്കൊണ്ടുകാൎയ്യങ്ങളുണർത്തിച്ചുവസിക്കുന്നു.
ചൊല്ലുന്നനൃപതിക്കുതല്ലുന്നസചിവന്മാർ,
തല്ലുന്നനൃപതിക്കുകൊല്ലുന്നസചിവന്മാർ,
കൊല്ലുന്നനൃപതിക്കുതിന്നുന്നസചിവന്മാ,
രെല്ലാമിങ്ങിനെതന്നെചൊല്ലുന്നുമതിമാന്മാർ.
ക്രൂരനാമസുരൻറെകാൎയ്യക്കാരുവരേററം
ക്രൂരന്മാർപലമീശക്കൊമ്പന്മാരൊരുപോലെ
ദൂരവേപഞ്ചപുച്ഛമടക്കിക്കൊണ്ടുചെന്നിട്ടു
ങ്ങീരേഴുലകത്തെമുടിപ്പാനാഗ്രഹത്തോടെ,
ഒരുത്തൻചെന്നൊരുകാൎയ്യംധരിപ്പിപ്പാൻതുടങ്ങുമ്പോൾ
കരുത്തുള്ളയജമാന്മാർവിരുദ്ധമായുരചെയ്യും
കരത്തിൽനാലെട്ടുതങ്ങുകൊടുത്താൽകാൎയ്യമൊട്ടെല്ലാം
വരുത്തുംശീലമവ്വണ്ണംവിരവോടുധരിച്ചാലും
ഒടുങ്ങാതുള്ളൊരുവൈരംസുരന്മാരിൽപണ്ടുപണ്ടേ
തുടങ്ങീമാനസതാരിൽഅടങ്ങുന്നില്ലതുമൂലം
കടുകോപംകലൎന്നൊരുതാരകാക്ഷനതുനേരം
കടക്കണ്ണുചുവത്തികൊണ്ടുരചെയ്താനിപ്രകാരം:
കാൎയ്യബോധംതികഞ്ഞുള്ളകാൎയ്യക്കാർധരിക്കേണം,
കാൎയ്യമൊന്നങ്ങുരചെയ്വാൻതുടങ്ങുന്നുഞാനുമിപ്പോൾ
വീൎയ്യമേറുംമുകുന്ദൻറെശക്തികൊണ്ടിജ്ജനമെല്ലാം
നാരിമാരെന്നതുപോലെഭയപ്പെട്ടുവസിക്കുന്നു
നാണമെന്നുംധൈൎയ്യമെന്നുംബോധമെന്നുംവീൎയ്യമെന്നും
വേണമെന്നിജ്ജനങ്ങൾക്കൊരുത്തൎക്കുമനസ്സില്ല.

പ്രാണനിക്കൂട്ടിലുള്ളപ്പോൾതാണിരിപ്പാനെളുതല്ല
ആണിനത്രേ പിറന്നുള്ളു ഞങ്ങളെന്നു ധരിച്ചാലും.
ദാനവന്മാരിളപ്പെട്ടും വാനവന്മാർബലപ്പെട്ടും
ഞാനിരിക്കെ ഭവിക്കില്ല; ആനമെന്നായുധത്താണ.
ആനനംനാലുള്ളവൻെറവരംകൊണ്ടിജ്ജഗത്തെല്ലാം
ഞാനൊരുത്തൻജയിച്ചീടാമത്ര ചാകില്ലറിഞ്ഞാലും.
സർവ്വദേവാധിപത്യത്തെ വഹിച്ചുമരുവുന്ന
പർവ്വതാരിക്കൊരുകൂട്ടംഗർവ്വപാരംമനക്കാമ്പിൽ
സുരവധൂമാരോടുകൂടി സർവ്വകാലംരമിക്കുന്ന
നിർവ്വിചാരപ്പെരുമാളിന്നുർവ്വിതന്നിൽ പതിക്കേണം.
പണ്ടുപണ്ടേയിവർക്കെല്ലാമിജ്ജനത്തോടുകൊണ്ടു നന്നായ്
ചെണ്ടകൊട്ടിക്കണമെന്നുണ്ടുള്ളിലോരോമനോരാജ്യം.
കണ്ടുകൊള്ളാമിനിരണ്ടുദിവസത്തിനകമെല്ലാം.
കണ്ടവേണ്ടാസനംചെയ്താലിണ്ടലുണ്ടാംവരവോടെ.
വേണ്ടവേണ്ടായെന്നുവെച്ചിട്ടൊക്കയുംഞാൻക്ഷമിക്കുന്നു,
വേണ്ടതെന്തെന്നറിയാഞ്ഞിട്ടല്ലമന്ത്രീശ്വരന്മാരെ.
അച്ഛനുള്ളന്നിവരുടെപിച്ചയേതുംഫലിച്ചില്ല;
പൂച്ചയെക്കണ്ടെലിപോലെവിറച്ചുംകൊണ്ടിരുന്നല്ലോ.
അച്ഛനേയുമിവർതന്നെതച്ചുകൊല്ലിച്ചതുംപിന്നെ;
അച്ചതിയുന്നിനയ്ക്കുമ്പോളുച്ചകോപംജ്വലിക്കുന്നു.
പങ്കജബാണനെപ്പണ്ടുശങ്കരൻെറകനല്ക്കണ്ണിൽ
ശങ്കകൂടാതെചാടിച്ചാർഹംകൃതിക്കാർപലർകൂടി
സന്ന്യസിച്ചഭഗവാനെക്കൊണ്ടുവേളികഴിപ്പിച്ചു;
മുന്നിലെക്കൈതവംപാരംകണ്ടതുംകേട്ടതുമില്ല.
എന്നുവേണ്ടാശചീകാന്തനൊത്തവണ്ണംകാര്യമെല്ലാം.
അന്നുവെട്ടംവാർക്കുനെയ്യിട്ടിരിക്കുന്നുലോകരെല്ലാം.
ദന്ദശൂകാധിപനായവാസുകിയെക്കയറാക്കി,
മന്ദരപർവ്വതത്തേയുംമത്തുമാക്കീട്ടന്നൊരുനാൾ,
പാല്ക്കടലിൻനടുവിലിട്ടാക്കമോടേവലിച്ചപ്പോൾ
വെക്കമോരോപദാർത്ഥങ്ങളതിങ്കൽനിന്നുത്ഭവിച്ചു.
കല്പവൃക്ഷങ്ങളുണ്ടായി, നല്ലപെണ്ണുങ്ങളുണ്ടായി
ശില്പമോടേനാലുകൊമ്പുള്ളാനയുംവന്നാശുപൊങ്ങി;

അൽഭുതയാംസുരഭിയുംലക്ഷ്മിയുംചന്ദ്രനുംപിന്നെ
കെൽപ്പുപാരംതികയുന്നനല്ലവെള്ളക്കുതിരയും
ഇത്തരംനല്ലവസ്തുക്കൾവാനവന്മാർകയ്ക്കലാക്കി
അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നുതന്നില്ല.
ശങ്കരന്നുമതിലൊന്നുംകൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടുഭഗവാനെകാളകൂടംകുടിപ്പിച്ചു.
ആരുചൂടുംഭഗവാങ്കൽക്രൂരമില്ലദേവകൾക്കു
ആരുക്രൂട്ടംപറഞ്ഞീടാമിപ്രകാരംകൈതവങ്ങൾ.
ചീറമിപ്പോളിതിലൊന്നുപറയുമ്പോളിവരെല്ലാം
മാറുമെല്ലാമിനിമേലിൽദേവകദുരാചാരം.
എത്രപൊന്നുംപണങ്ങളുംഛത്രവുംചാമരങ്ങളും
പാത്രവുംചെല്ലവുംനെല്ലുംനല്ലരത്നക്കല്ലുകളും
വൃത്രവൈരിപുരംതന്നിൽമെത്തമെത്തക്കിടക്കുന്നു!
തത്രതത്രനടന്നോരോന്നിരക്കുന്നകപാലിക്കു
അത്രമാത്രംകൊടുപ്പാനുംമനസ്സില്ലശഠന്മാർക്കു.
നേത്രമേറുന്നരാജാവിന്നതിന്നേതുംക്രൂട്ടമില്ല.
അസ്ഥിമാലയെടുത്തീശൻമുത്തുമാലയണിയുന്നു.
വസ്ത്രമില്ലാഞ്ഞുടൻനല്ലകൃത്തിതന്നെയുടുക്കുന്നു
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലുചൂടുന്നു
ചന്ദനമില്ലതുമൂലംവെണ്ണീർകൊണ്ടണിയുന്നു
മേളമേററംകലന്നോരുവാഹനമില്ലതുകൊണ്ടു
കാളകണ്ഠൻഭഗവാൻകാളയേറിനടക്കുന്നു
ആളുമില്ലവാളുമില്ലകാമവൈരിക്കതുമൂലം
കാളിയേയുംകൂളിയേയുംതുണകൊണ്ടുനടക്കുന്നു.
ഇപ്രകാരമിരിക്കുന്നസ്വപ്രകാശസ്വരൂപിക്കു
അപ്രിയത്തെവരുത്തുന്നദുഷ്പ്രഭുക്കൾക്കിന്നുതന്നെ
നിഷ്പ്രകാശംവരുത്തേണംക്ഷിപ്രമെന്നുധരിച്ചാലും.
ദുഷ്പ്രതാപന്മാരിദാനീംദുഷ്പ്രതിജ്ഞതുടങ്ങുണ്ടാം.
വിപ്രജാതികളോടോരോവിപ്രമാഥംതുടങ്ങേണം
മൽപ്രതാപംകൊണ്ടുലോകർക്കപ്രിയങ്ങൾഭവിച്ചാലും
അപ്രമാഥിതാരകാക്ഷനുൾപ്രകമ്പംതരിമ്പില്ല.
പൊൻപുരത്തിലിരിക്കുന്നഞാനുമെന്റെഭടന്മാരും

ഉമ്പർകോന്റെനാട്ടംപാടെമുടിപ്പാനുംതുടങ്ങുന്നു.
തമ്പിയാമ്യകമലാക്ഷൻവെള്ളിഗേഹേവസിച്ചുകൊ
ണ്ടിമ്പമോടെഭൂവിതന്നിൽപലനാശംവരുത്തേണം.
ഇരിമ്പുമന്ദിരേവിദ്യുന്മാലിതാനുംപാല്യകാച്ചി
തരിമ്പുംപേടികൂടാതെചെന്നുപാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുനൊവട്ടകരംകൊണ്ടു
കരിമ്പിൻതണ്ടെന്നപോലെപിടിച്ചൊക്കെപ്പിഴിയേണം.
ഇത്തരമങ്ങുരചെയ്തോരുദാനവ
സത്തമനെത്തിനഭൃത്യജനത്തോടും
ഒത്തുതകത്തുതിമിത്തുപുറപ്പെട്ടു
സത്വരമങ്ങുവിളിച്ചുപുളച്ചഥ
ചെണ്ടപെരുമ്പറകാളംകടുംതുടി
പണ്ടകവുംപലപാണ്ടിമേളങ്ങളും
തപ്പുംതകിലുംമുരശുമരങ്ങളും
അപ്പടഹങ്ങളനേകഘടങ്ങളും
മംഗലവാദ്യങ്ങൾശംഖംമൃദംഗവും
ചേങ്ങിലനല്ലഡമരുപ്രയോഗവും
ഝർഝരവാദ്യങ്ങൾഝല്ലരിവല്ലകി
നിർഝരഘോഷംകുറയ്ക്കുന്നദുന്ദുഭി
ഡിണ്ഡിമമെന്നിവവാദ്യഘോഷങ്ങളാ
ലണ്ഡകടാഹംമുഴക്കിപ്പുതുക്കവെ
മുമ്പിലകമ്പടികൂടിനടക്കുന്ന
വമ്പുപെരുത്തോരസുരപ്പടകളും
അമ്പതുവെള്ളക്കുതിരപ്പടകളും
അമ്പോടനേകംദ്വിരദപ്പടകളും
വെട്ടിത്തടുത്തുപിടിച്ചുകളിക്കയും
തട്ടിവിളിച്ചുപുളച്ചുനടക്കയും
എട്ടുദിഗന്തരംപൊട്ടുമാറങ്ങിനെ
വെട്ടിച്ചിരിക്കയുംതട്ടിത്തിരിക്കയും.
ബ്രഹ്മാണ്ഡഭാണ്ഡംമുഴങ്ങിത്തുടങ്ങി
ബ്രഹ്മാവുതാനുംകുഴങ്ങിമയങ്ങി
ശൈലങ്ങളേഴുംകുലുങ്ങിവിളങ്ങി

പാലാഴികൂട കലങ്ങിവിളങ്ങി
ഭൂലോകമെല്ലാം നടുങ്ങിത്തുടങ്ങി
മാലോകരെല്ലാം മടങ്ങിമയങ്ങി
കാററും പൊടിയും പരന്നുനിരന്നു
മാററലരെല്ലാമിരുന്നുനിരന്നു.
കാടും പഴലുമുടഞ്ഞുമിടിഞ്ഞും
ചാടും മൃഗങ്ങളിടഞ്ഞും തടഞ്ഞും

നടക്കും വാളെടുക്കും വാലെടുക്കും തമ്മിലക്കൂട്ടം
തടുക്കും വന്നടുക്കും കൈമിടുക്കും കാട്ടുമോരെന്നേ
ഇരിക്കും സഞ്ചരിക്കും നിന്നുരയ്ക്കും ദാനവക്കൂട്ടം
തിരിക്കും സംഹരിക്കും കേസരിക്കും പേടിയുണ്ടാക്കും
കളിക്കും ചിലരൊളിക്കും ചിലരിരിക്കും, തങ്ങളിൽതന്നെ
വിളിക്കും ചിലരിളിക്കും, കൈകൾകൊണ്ടിട്ടു
വിലക്കും ചിലരലയ്ക്കും ചിലരുലയ്ക്കും നല്ല ശൈലങ്ങൾ,
പിണങ്ങും ചിലരിണങ്ങും ചിലർവണങ്ങും തമ്പുരാന്മാരെ

ഇത്തരം പല ഘോഷമാന്നൊരു ദൈത്യസേനകളോടുട
ഒത്തുകൂടിന താരകാക്ഷമഹാസുരൻ ബഹുപൌരുഷൻ [ൻ
തമ്പിമാരൊടുയാത്രചൊല്ലിയനുഗ്രഹിച്ചുപതുക്കവേ
ഉമ്പർകോന്നുടെ നാടുനോക്കിനടന്നു കാഞ്ചനകോട്ടയും.
മാനമൊക്കനിറഞ്ഞുറഞ്ഞിടതിങ്ങിവിങ്ങിന പൊടികളും
മാനമോടുയരപ്പിടിച്ചു നിവിർത്തിനിർത്തിന കുടകളും
ദാനവാരിപൊഴിഞ്ഞിഴഞ്ഞുവഴിഞ്ഞ വാരണഘടകളും
ദാനവാരിജയം നിനച്ചുമനം മദിച്ചൊരുനടകളും
ചട്ടതൊപ്പികളിട്ടു കെട്ടിയുടൻ ധരിച്ചൊരു തടികളും
പൊട്ടിവീണ പൊടിഞ്ഞുപൊങ്ങിന ഭൂഷണങ്ങടെ പൊടികളും
വട്ടമിട്ടുതുടന്നു കൊട്ടുകളൊട്ടിടയ്ക്കിടവെടികളും
തൊട്ടുതൊട്ടു തടഞ്ഞിടഞ്ഞു നിരന്നുനിന്നൊരു കൊടികളും
താരകാക്ഷഭടജ്ജനങ്ങളുടൻ കടന്നു സുരാലയേ
ഘോരകർമ്മമനേകമങ്ങുതുടങ്ങിയോരു ദശാന്തരേ
പാരമുള്ളിലിയന്നുപേടികലർന്നുദേവകളേവരും
സ്വൈരമങ്ങുവസിക്കുമിന്ദ്രനോടിപ്രകാരമുണർത്തിനാർ.

ഉമ്പർകോൻതമ്പുരാനേമുടിഞ്ഞുനമ്മുടെരാജ്യം
വമ്പരായുള്ളസുരന്മാർവന്നുകൂടിപലകൂട്ടം
പൊമ്പുരക്കാരനെക്കണ്ടുഭയപ്പെട്ടുഞങ്ങളെല്ലാം
തുമ്പിപോലെപറന്നോരോകോണിലെല്ലാമൊളിക്കുന്നു.
ദുഷ്ടർവന്നുനിരക്കുന്നുകഷ്ടമോരോന്നുരയ്ക്കുന്നു
പുഷ്ടിയെല്ലാംകുറയ്ക്കുന്നുശിഷ്ടരേയുംതടുക്കുന്നു
നാശമോരോന്നുരയ്ക്കുന്നുമീശയെല്ലാംവിറയ്ക്കുന്നു

.......................................................

നന്ദനത്തിൽകടക്കുന്നുചന്ദനങ്ങളൊടിക്കുന്നു
മന്ദിരങ്ങൾപൊടിക്കുന്നുകന്ദരങ്ങളടയ്ക്കുന്നു
കളിത്തട്ടിൽകരയേറിഞെളിഞ്ഞങ്ങുവസിക്കുന്നു
കളിക്കുംകാമിനിമാരോടൊളിച്ചുകൊണ്ടടുക്കുന്നു.
അഭ്രഗംഗാതടംതന്നിൽവിഭ്രമിച്ചുനടക്കുന്നു
അഭ്രമുവല്ലഭൻതന്റെശുഭ്രദന്തംപിടിക്കുന്നു
വിത്തമെല്ലാംമടിയാതെകുത്തിവാരിക്കളയുന്നു
പത്തുലക്ഷംദനുജന്മാർപത്തനങ്ങൾവളയുന്നു
കാത്തുനിൽക്കുന്നവരെല്ലാമേത്താമിട്ടുവലയുന്നു
കാൽത്തളിരിൽവീണുവന്ദിക്കുന്നവരിൽതെളിയുന്നു
പാത്രമെല്ലാമുടയ്ക്കുന്നുഗാത്രമെല്ലാംതകർക്കുന്നു
ക്ഷേത്രതീർത്ഥങ്ങളിലെല്ലാംമൂത്രമങ്ങുപെടുക്കുന്നു.
ഇജ്ജനത്തിനിതുപാരംലജ്ജയെന്നുധരിച്ചാലും
ദുർജ്ജനത്തോടിളപ്പെട്ടാലിജ്ജനന്നുവ്യഥാതന്നെ.
ഉള്ളിലോരോകപടങ്ങളുള്ള ശത്രുജനത്തിന്റെ
തുള്ളലുംകണ്ടങ്ങിരിപ്പാനുള്ള ധൈര്യം നമുക്കില്ലാ.
വമ്പടവന്നടുക്കുമ്പോൾതടുക്കാൻശക്തിയില്ലെങ്കിൽ
ചെമ്പിടലച്ചാലതിനു ന [illegible] ങ്ങളെക്കൊണ്ടെന്തുകാ
ഭവ്യരായുള്ളജമാനന്മാരിരിക്കെനമുക്കെല്ലാം [illegible]ര്യം?
ദ്രവ്യമില്ലാതൊരുനാളുംതോൽവിയുണ്ടാകയുമില്ലാ
ആയുധങ്ങൾവേണമെന്നാലാസതിനും ദണ്ഡമില്ല
കായദണ്ഡത്തിനുപിന്നെത്തായമുണ്ടാം തുടങ്ങുമ്പോൾ.
ഒന്നുകൊണ്ടുമിവരോട്ടേതോൽക്കുമാറില്ലടിയങ്ങൾ
ചെന്നുകണ്ടാലറിഞ്ഞീടാമെന്തിനിത്രപറയുന്നു.

എന്നുകണ്ടുവിരുതുകളുണത്തിക്കുന്നവരെച്ചെ
ന്നൊന്നടിച്ചാനൊരുദൈത്യൻ പിടിച്ചുകൊണ്ടങ്ങുപോ
വാസവന്താനതുകണ്ടുപേടിപൂണ്ടുവിറച്ചുകൊ (യാൻ.
ണ്ടാസനത്തെവെടിഞ്ഞോടിത്തിരിച്ചാനങ്ങൊരുദിക്കിൽ
ഹാസമോടെദാനവന്മാർനിറഞ്ഞുമന്ദിരംതോറും
ദാസിമാരെപിടിപെട്ടുതാഡനംകൂട്ടിയാരപ്പോൾ.
എങ്ങുപോയിശചീദേവി?മേനകേനീയെങ്ങുപോയി?
നിങ്ങളാരുംകഴപ്പേണ്ടായിങ്ങുപോരിൻമടിയാതെ.
ഞങ്ങടെതമ്പുരാനാകുംതാരകാക്ഷനരുൾചെയ്തു
നിങ്ങടെനൃത്തവുംപാട്ടുംഭംഗിയിൽകാണണമെന്നു്
പൂൎവ്വദേവാധിപന്മാരാമിജ്ജനത്തോടിടപെട്ടാൽ
സൎവ്വസൌഖ്യങ്ങളുംപോന്നുമേൽക്കുമേലെഭവിച്ചീടും.
ഉൎവ്വശീഗൎവ്വുകാട്ടാതെനിൎവ്വിവാദംസുഖിച്ചാലും
സൎവ്വദാസൎവ്വലോകങ്ങൾക്കാധിപത്യംപുരന്മാൎക്കു്.
ഇത്തരമങ്ങൊരുകൂട്ടംദാനവന്മാരുരയ്ക്കുമ്പോൾ
ഉത്തരംചൊല്ലുവാനാൎക്കുംവിരുതില്ലാതായിവന്നു.
വൃത്രഹന്താവതുനേരംക്രുദ്ധനായിപ്പുറപ്പെട്ടു
യുദ്ധസന്നാഹവുംകൂട്ടിപടക്കൊട്ടുംകൊട്ടിയാൎത്തു
സിദ്ധവിദ്യാധരന്മാരുംകിന്നരന്മാർചാരണന്മാർ
സാദ്ധ്യവൃന്ദംയക്ഷവൃന്ദംദിക്കിലെനായകന്മാരും
തത്രമുപ്പത്തിമുക്കോടിദ്ദേവസംഘംപുറപ്പെട്ടു
ബദ്ധകോലാഹലംചെന്നുവിളിച്ചുദാനവന്മാരെ.
കൂടലപ്പാഴരേധാൎഷ്ട്യംകൂട്ടുകില്ലെന്നറിഞ്ഞാലും
ഗൃദ്ധവൃത്തിതുടങ്ങേണ്ടാകൂട്ടണംസംഗരംതന്നെ.
നിങ്ങളുംഞങ്ങളുംകൂടിപ്പടശ്രേണിക്കിറങ്ങുമ്പോൾ
തങ്ങളിലുള്ളഭേദങ്ങൾപലൎക്കുംബോധിക്കുമല്ലൊ.
ഇത്ഥമോരോവീരവാദംപറഞ്ഞുകൊണ്ടതുനേരം
ബദ്ധകോപംസുരന്മാരുമസുരപുംഗവന്മാരും
യുദ്ധഘോഷംമുതുത്താരങ്ങെത്രയുംഘോരമാംവണ്ണം.
തത്രവന്നുനാരദനുംകണ്ടുകണ്ടുരസിക്കുന്നു
പടകളിരുപുറമാശുകൂടിപടഹചടചടഘോഷമാടി
പടുതതേടിനപലരുകൂടിപരിചൊടസുരകളേറവുമാടി

അമരതരുണികളേററമോടി അസുരതരുണികൾ നിന്നു പാടി
അരികളോടി,വഴികൾതേടി,അമരവരമുഖമൊന്നു വാടി
അഖിലമുനികളകന്നുകൂടിസഖികളൊരുവഴിയാത്ര തേടി
അമരകോടിവഴികൾതേടിഅധികമവരുടമനസിപേടി.
അമരവരനുടെകുസുമവാടീകമലനികരവുമൊന്നുവാടി.
അസുരകൊടിഅരിമതേടിഅരികളുടപടചേന്നുകൂടി.

*　　　*　　　*　　　*

*　　　*　　　*　　　*

*　　　*　　　*　　　*

പോരിന്റെപൊലിമകളോരോന്നങ്ങുരചെയ്വാൻ
പോരാനേരവും, പിന്നെതീരാശേഷനുംചൊന്നാൽ.
പാരാതെദനുജന്മാർനേരെചെന്നടുക്കുമ്പോൾ
ഓരോരസുരന്മാരങ്ങോരോദിക്കിലേക്കോടി.
താരകാക്ഷനുംവന്നുചേരുന്നദശയിങ്കൽ
തേരീന്നങ്ങുടൻചാടിദ്ദൂരത്തിന്ദ്രനുംപോയി.
വീരന്മാരസുരന്മാരോരോമന്ദിരംതന്നിൽ
ആരുംപണ്ടറിയാതെസാരമായിരിക്കുന്ന
ഭൂരിദ്രവ്യസംഭാരംകോരിക്കൊണ്ടുപോരുന്നു.

..............................................

ഇന്നരേഴുഭുവനത്തിലാരുമില്ലവരുടെ
നേരെനില്പതിനെന്നുതീരുന്നുദിനംതോറും.
പാരംഭീതരാംജംഭവൈരിക്കുംസുരന്മാർക്കും
ഭീരുക്കളെന്നുതന്നെപേരുംവീണിതക്കാലം.
ചേരുന്നസുഖമെല്ലാമാരോമൽക്കനിവൊടെ
സൈ്വരമേവരുത്തിക്കൊണ്ടാരോട്ടുംകുറയാതെ,
വീരനാംതാരകാക്ഷൻമേരുപർവതേവാണു.
നേരമ്പോക്കിനുനല്ലനാരിമാരുടെകൂത്തും
ശാരികാമൊഴികളുംചാരുവാംവിലാസവും
സാരസ്യങ്ങളുംമെളിച്ചോരോകേളിയുമാടി
വിശ്വസ്വർഗ്ഗവുംകിട്ടിധീരൻവാണിതക്കാലം.
പാരിടംമുടിപ്പാനായാരാഞ്ഞുനടക്കുന്ന

ശ്ശൂരനാംകമലാക്ഷൻക്രൌൎയ്യങ്ങളിനിച്ചൊല്ലാം
വെള്ളിക്കോട്ടയിൽവാഴുംകമലാക്ഷനവനിയി
ലുള്ള മാനുഷരുടെനാട്ടുകളുംവീടുകളും
കൊള്ളിവെച്ചെരിക്കുന്നുനീളെസഞ്ചരിക്കുന്നു
ഉള്ളത്തിൽനിറഞ്ഞേററംകൊള്ളാതെവഴിയുന്ന
കള്ളംകൊണ്ടൊരിക്കലുമെള്ളോളംഭയമില്ലാ.
കള്ളന്മാരൊരുകൂട്ടംഭൃത്യന്മാരവർപിന്നെ
കള്ളിനുംകറുപ്പിനുംതിരഞ്ഞങ്ങുനടക്കുന്നു
ഭള്ളേറെനടിക്കുന്നുമുള്ളേറെപ്പറയുന്നു
കള്ളേറക്കുടിക്കുന്നുപിള്ളേരെപിടിക്കുന്നു.
മല്ലന്മാരുടെപടവില്ലുംബാണവുംകുന്തം
എല്ലാംകൂർത്തുമൂർത്തുള്ളപല്ലുംഘോരമാംദ്രഷ്ടി
യെല്ലുംകൈകളിലോരോകല്ലുംകണ്ടുപേടിച്ചു
കൊല്ലുംനമ്മളെവന്നുതല്ലുംനമ്മുടേയെല്ലാ
മെല്ലുംതച്ചുപൊട്ടിക്കുംതെല്ലുംസംശയമില്ല.
നെല്ലുംപാത്രവുംപിന്നെച്ചെല്ലുംപെട്ടകംനല്ലോ
രില്ലംഗോക്കളുമിവയെല്ലാമങ്ങുപേക്ഷിച്ചു
മെല്ലെഗാത്രവുംകൊണ്ടുവല്ലദിക്കിനുംപോകെ
ന്നെല്ലാമാനുഷന്മാരുംചൊല്ലിധാവതിചെയ്തു.
വായെല്ലാംപിളൎന്നുകൊണ്ടസുരന്മാരടുക്കുമ്പോൾ
നായന്മാർതെരുതെരെപ്പായുന്നുപലർകൂടി.
പായുംകട്ടിലുംവീടുംപോയന്നാകിലുംതന്റെ
കായംപോരുമെന്നത്രെനായന്മാർനിനയ്ക്കുന്നു.
ചുമരുണ്ടെങ്കിലേനല്ലചിത്രമൊള്ളു ധരിച്ചാലും
ചോറുണ്ടെങ്കിലേനല്ലകറികൊണ്ടുകണക്കൊള്ളു.
അയ്യോദുഷ്ടരിക്കൂട്ടംവന്നടുക്കുന്നേരമെന്റെ
കയ്യിൽവാളുമില്ലാഞ്ഞു തടുപ്പാനാളുമില്ലാഞ്ഞു
പൈകുത്തുമ്പോഴിപ്പഞ്ചാക്ഷരംകൊണ്ടുകണക്കുണ്ടോ ?
പൊയ്യൊന്നേനിക്കുള്ളക്കയ്യേരോട്ടുകണക്കുള്ളു.
കോട്ടക്കാരനുംവന്നുവീട്ടിലായെന്നതുകേട്ടു
ചെട്ടക്കാരനെന്തെല്ലാംപിണയ്ക്കുന്നെന്നറിഞ്ഞില്ല.
കൂട്ടക്കാരയുമെല്ലാംപിരിഞ്ഞിപ്പൊളിജ്ജനങ്ങൾ

ആട്ടക്കാരുടെക്കൂട്ടനാട്ടുവിട്ടുനടക്കുന്നു.
പണ്ടുവീട്ടിൽപരാധീനംകൊണ്ടുകൊച്ചായിരുന്നപ്പോൾ
കണ്ടദാസപ്രവൃത്തിചെയ്യുന്നവൻഞാനറിഞ്ഞാലും.
കണ്ടതെല്ലാമത്രമാത്രംകൊണ്ടുഞാനിന്നലെത്തന്നെ
രണ്ടുപേക്ഷ ചിലവിന്നുവേണ്ടതെല്ലാംവിളയുന്നു
ചെണ്ടകൊട്ടിനമക്കിപ്പോൾകണ്ടകന്മാർവിളവെല്ലാം
കൊണ്ടുപോകുന്നതുമിന്നുകണ്ടിരിപ്പാറായിവന്നു.
ഉണ്ടുചോറുമറന്നോരോകണ്ടിലായിച്ചമഞ്ഞല്ലൊ
കണ്ടുകൊൾവിൻകൎമ്മദോഷംതൊണ്ടനെന്നുപേരുമായി!
നാശംകാൺകെടൊരണ്ടുകാശിന്നുംമുതലില്ല
കാശിക്കുതിരിപ്പാനോദേശങ്ങളറിവില്ല.
ഇങ്ങിനേയൊരുക്കൂട്ടംമനുജന്മാർപറഞ്ഞിട്ടു്
മങ്ങിനമുഖത്തോടുംവനന്തോറുംനടക്കുന്നു.
ധാത്രിയിലതുകാലംവധംനീളേഭവിക്കയാൽ
എത്രയുംപേടിയുണ്ടാക്കുംചോരയുംമാംസഖണ്ഡവും
ഓരോരോപ്രദേശത്തുപാരാതെനിറഞ്ഞപ്പോൾ
ഘോരമാംപിശാചങ്ങൾഭൂതവേതാളജാലങ്ങൾ
ആരാഞ്ഞുപുറപ്പെട്ടുസഞ്ചരിക്കുന്നൊരുനേരം
ഓരോവാക്കുകൾതമ്മിൽപ്രാകൃതമായുരചെയ്തു

* * * * * * *

* * * * * * *

പ്രാകൃതംപറയുന്ന ക്കൂട്ടമനേകമിങ്ങിനെവന്നുടൻ
ലോകവാസിജ്ജനത്തിനത്തൽവരുത്തിനാരവരെത്രയും
നാട്ടിലുംമലമുട്ടിലുംചിലവലിയമലയുടെഗുഹയിലും
തോട്ടിലുംപലകോട്ടിലുംചിലപുഴകളൊഴുകിനകുഴിയിലും
ചെന്നുറച്ചുവിറച്ചുമനുജരൊളിച്ചുകൊണ്ടുവസിക്കയും
വന്നുദാനവരെന്നുകേട്ടുടനവിടെനിന്നുതിരിക്കയും
നിന്നുകൊണ്ടുടനസുരഭടരുടെവൃത്തികൊണ്ടുദുഷിക്കയും
എന്നു വേണ്ടമഹീതലങ്ങളിലമളിശിവശിവചൊൽവ
തൊ!
താരകാക്ഷസഹോദരൻകമലാക്ഷനെന്നമഹാസുരൻ
ഘോരമാംപടയൊടുക്കൂടിമദിച്ചുകൊണ്ടുനടക്കയും

പാരിലുള്ള പുരങ്ങളും നഗരങ്ങളും വിഭവങ്ങളും
സാരമായ മരം തടിവുവടം തടാകവുമിവകളും
സർവ്വമാശു നശിക്കുമാറു ചരിച്ചുകൊണ്ടു മുടിക്കയും
സർവ്വസാധുജനങ്ങളെ പിടിപെട്ടു കൊന്നു തിരിക്കയും
സർവ്വസുന്ദരിമാർ വിളങ്ങിന വീടുതേട് നടക്കയും
സരസതര വള കടകപിരിവള താലിമാല പറിക്കയും
അവനിപതികടെ ഭവനമഖിലവുമവനമവനുടക്കൂട്ടവും
തവിടുപൊടിമയമവിടെയും പുനരവനരഹിതമതാക്കിയും
കനികളരുതിഹ മുനികളരുതിഹ ധനികളരുതിഹ ഗണികളും
യതികളരുതിഹ പതികളരുതിഹ സതികളരുതിഹ വ്രതികളും
കല്ലുമരുതിഹ പുല്ലുമരുതിഹ നെല്ലുമരുതിഹ ഭൂതലേ
ഇല്ലമരുതിഹ ചെല്ലമരുതിഹ വല്ലമരുതിഹ നിശ്ചയം
നല്ലതരുണികൾ തെല്ലുമരുതിഹ നല്ലപുരുഷനുമിത്തരം
ചൊല്ലിയുടനുടനല്ലലനവധി കില്ലകന്നഥ നൽകിനാർ.
അമ്പലത്തിനകത്തു ചെന്നു ബലിത്തിടമ്പു പറിക്കയും
എമ്പ്രാന്തിരിയെപ്പിടിച്ചു മണിക്കിണററിൽ മറിക്കയും
അമ്പലവാസികളെത്തടുത്തുപിടിച്ചു കെട്ടിയടിക്കയും
കൊമ്പനാനകളെപ്പിടിച്ചഥ കൊമ്പുരണ്ടുമൊടിക്കയും
ഓത്തുചൊല്ലുകിലുണ്ടു കുററമതോർത്തുകൊള്ളുക വിപ്രരേ
കൂത്തുപാട്ടുകളാട്ടമെന്നിവ കാട്ടുകിൽ പിഴയപ്പൊഴേ.
കൂർത്തമൂർത്തശരങ്ങൾ കൊണ്ടിഹ കോർത്തുപോമുടലൊക്കവേ
ധൂർത്തുകാട്ടുകിലാർത്തിതീർത്തു നികത്തുവാനെളുതല്ലെടോ.
കുടകൾ തഴകൾ പിടിക്കയും പടകളിടയിൽ നടക്കയും
പടഹമുരജമടിക്കയും പുടവ ഞൊറിയൊട്ടുടുക്കയും
ഇപ്പറഞ്ഞതിലൊന്നുമെങ്ങൾ പ്രഭുക്കൾ തുടങ്ങൊലാ
കല്പനയ്ക്കനുകൂലമായിട്ടിപ്പൊൾ നിങ്ങൾ നടക്കണം
നാട്ടിനും നഗരത്തിനും കാട്ടിനും കനകത്തിനും
വീട്ടിനും വിഭവത്തിനും മാട്ടിനും മഹിഷത്തിനും
നായകൻ കമലാക്ഷനെന്നായകാലമൊരുത്തനും

തായമാട്ടത്തുടങ്ങൊല്ലാപോയകാലമിതല്ലെടോ
തമ്പുരാൻറകാൽത്തലത്തിൽകുമ്പിടേണമശേഷവും
വമ്പുകൊണ്ടുനടക്കൊമാമുമ്പിൽവന്നുകിടക്കണം.
നമ്മുടാൾക്കപ്പണത്തിനാഗ്രഹമേററമുണ്ടുതന്നിണ്ണയം
നെന്മണിക്കപ്പിണക്കമില്ലകണക്കിനങ്ങൊരുനേരവും
ഒട്ടുമേചിലവിട്ടുകൂടമനസ്സുമുട്ടിനമുക്കെടൊ
കെട്ടിവച്ചതിലൊട്ടുകിട്ടുമതെന്നുതന്നെനിനച്ചുഞാൻ
പട്ടുപൊന്നുപണങ്ങൾവേണ്ടതുനാമൾതന്നെവരുത്തണം
ഒട്ടുപെട്ടിയിലിട്ടുപൂട്ടണമൊട്ടുകോപ്പുകൾതീക്കണം
തമ്പുരാനറിയേണ്ടനമ്മുടെഗൂഢവൃത്തികളൊന്നുമേ
വമ്പനത്രകണക്കമില്ലകരത്തിൽവന്നതിനെന്നിയേ
പത്തനങ്ങൾകവന്നുകിട്ടിയവിത്തമിങ്ങുവരുന്നതിൽ
പത്തിലൊന്നുകൊടുക്കണം നൃപനത്രപോരുമിതറികെടൊ
പടിക്കലെപ്പാറപൊന്നെങ്കിൽപാതിതേവർക്കെന്നപോലെ
തുടങ്ങുംനാമളോടിന്നുയജമാനന്മാരുമെല്ലാം
ഇടയ്ക്കുംവെണമിക്കൂട്ടംപടയ്ക്കുംവേണമിക്കൂട്ടം
കൊടുക്കുംനേരമൊട്ടെല്ലാംമടിക്കുംതാനു,മെന്നാലും
മിടുക്കുണ്ടെങ്കിലൊട്ടെല്ലാംകിടയ്ക്കുംഭോഷനെന്നാലും
ഉടുക്കുംവസ്ത്രവുംകൂടെപ്പിടുങ്ങുംമന്ത്രിവീരന്മാർ.
കടക്കേണംവീടുതോറുംനടക്കേണംനാടുതോറും
മടക്കേണംയോഗമെല്ലാംമടക്കേണംദ്രവ്യമെല്ലാം
മുടിക്കേണംഭൂമിലോകംപിടിക്കേണംനാരിമാരെ
അടിക്കേണംമാനുഷരെകടിക്കേണംമാംസഖണ്ഡം
കുടിക്കേണംകട്ടുചോരതടിക്കേണംദേഹമേററം
നടിക്കേണംഭുജാടോപംതുടങ്ങേണംമഹാഘോഷം
കയ്ക്കലേതാനുമുണ്ടാക്കാൻതക്കവണ്ണംതുടങ്ങേണം
കയ്ക്കലില്ലാത്തവൻതന്നിൽനായ്ക്കുമില്ലബഹുമാനം.
മന്നവന്മാരുടെനല്ലമന്ദിരങ്ങളകംപുക്കു
പൊന്നുവെള്ളിത്തരംകണ്ടാലൊന്നുപേക്ഷിക്കയുംവേണ്ട.
എന്നിതെല്ലാംപലകൂട്ടംപറഞ്ഞുകൊണ്ടസുരന്മാർ

മന്നിലോരോരാദുഷ്ടകൎമ്മംതുടങ്ങിപിന്നയുമെല്ലാം.
ബ്രാഹ്മണൻക്ഷത്രിയൻവൈശ്യൻശൂദ്രനുമിന്നാലുജ്ജാതി
ധൎമ്മമെല്ലാമപേക്ഷിച്ചുഗമിച്ചുവെന്നതേവേണ്ടു.
നാടുവിട്ടുനടപ്പാനായ്തുടങ്ങുമ്പോളൊരുക്കൂട്ടം
വീടുതോറുംമഠന്തോറുമിരുന്നോരോന്നുരയ്ക്കുന്നു:
ഇന്നലേരായസുരന്മാർവന്നുപോലിങ്ങൊരുവീട്ടിൽ
കൊന്നുപോലീച്ചരച്ചാരെതിന്നുപോലശ്ശുവമെല്ലാം.
നന്നുപോലിജ്ജനംതിന്മാനെന്നുപോലിന്നുകേൾക്കുന്നു
വന്നുപോമെന്നതുപോലെനിന്നുപോയാലിളക്കാതെ.
വീട്ടിൽവന്നുകമലാക്ഷൻകൂട്ടമെന്നുകേട്ടനേരം
കൂട്ടമില്ലാകൊച്ചുകോന്തിച്ചെട്ടനേതുംമനക്കാമ്പിൽ
അച്ഛനിപ്പോളേകദേശംവയസ്സെൺപത്ത് നാലായി
കാഴ്ചയില്ലാകണ്ണിന്നൊട്ടുംചെവിരണ്ടുംകേട്ടുകൂടാ
കാഴ്ചകാണ്മാനുള്ളമോഹംകിഴവച്ചാൎക്കത്രപാരം!
പല്ലുപോയിട്ടെത്രനാളായാൎക്കുമില്ലാപരമാൎത്ഥം.
കല്ലുകൊണ്ടുചതച്ചാലുംവെററതിന്മാനെളുതല്ലാ
കൊല്ലുവാനിന്നസുരന്മാർവന്നുവെന്നതറിയാതെ
മെല്ലമെല്ലെപ്പുറപ്പെട്ടാനെന്നൊരുത്തനുരയ്ക്കുന്നു.
പത്തുവദനജന്മാർവീടുകുത്തിത്തകൎക്കുമ്പോൾ
ഉത്തരത്തിൻമുകളേറിപാൎത്തുപോലുംകുഞ്ഞുരാമൻ
കത്തിവച്ചപാവയെന്നങ്ങോൎത്തുപോയാരസുരകൾ
ധൂൎത്തുകൊണ്ടുനിന്നുകൂട്ടൂ എന്നൊരുത്തൻപറയുന്നു.
ചങ്കരച്ചാരുടെവീട്ടിൽകിങ്കരന്മാരകംപുക്കു
മങ്കമാരെപ്പിടിച്ചങ്ങുകൊണ്ടുപോകാൻതുടങ്ങുമ്പോൾ
ചങ്കരച്ചാരെഴുന്നേററുതൊങ്കൽവാളുംപരിചയും
തൻകരത്തിലിളക്കിക്കൊണ്ടുകന്നത്തിൽചാടിനിന്നു,
ചീറിനിന്നങ്ങൊരുപോലെപററത്താണുകളിച്ചപ്പോൾ
അററമില്ലാതസുരന്മാർതോററുമണ്ടിക്കാട്ടുപുക്കു.
കുഞ്ഞിക്കേളൻമിനിഞ്ഞാന്നു കഞ്ഞിവച്ചുകുടിക്കുമ്പോൾ
പാഞ്ഞുവന്നോരസുരന്മാർമുഞ്ഞികുത്തിച്ചതച്ചുപോൽ.
തിട്ടുക്കംവന്നടുക്കുമ്പോൾമിടുക്കൻനമ്മുടെചേട്ടൻ
പൊട്ടക്കെന്നുപുറപ്പെട്ടങ്ങടുക്കളെയുള്ളകംപുക്കു

കിടപ്പെല്ലാമവനിപ്പോളട്ടപ്പിലെന്നതുംകേട്ടു
ഇത്തരമങ്ങൊരുദിക്കിലെത്തിയമാനുഷരെല്ലാം
അത്തലോരോന്നുരയ്ക്കുന്നു ചിത്രമെന്നേപറയാവൂ!
കൂട്ടമോടെമനുജന്മാർകെട്ടുകെട്ടിപുറപ്പെട്ടു
കുട്ടികളെപിടിച്ചൊരുകട്ടകത്തിനകത്താക്കി
ഒട്ടുകൊണ്ടുപൊതിഞ്ഞൊരുപട്ടരച്ചൻപുറപ്പെട്ടു.
പട്ടരച്ചാതനിക്കുള്ള കെട്ടിലെന്തെന്നുരയ്ക്കുമ്പോൾ
„കെട്ടിലെന്നാകച്ചകിച്ചൈഒന്നൈക്കെന്നാമലയാളി?
കിട്ടുവാതുംനാടശേഷംകെട്ടുപോച്ചേ എന്നശെയ്‌വായ്!
ശത്രുപോനാലെന്നകാര്യംശൈത്തദൂരംവഴിവന്തേൻ.
വയസ്സൻപട്ടരെക്കൊന്നാൽ ചോദ്യമില്ലെന്നറിയാമൽ
ഇടയിൽവന്തകെറ്റപ്പട്ടേൻഗ്രഹചാരങ്കളിനാലെ
കട്ടുവാനാട്ടിലേപോനാൽകട്ടുവായുംമെത്തമെത്ത
ക്കടിയാമൽവിട്ടുമോടാഎന്നെടാശെയ്യുറേൻ,, എന്ന്
ഇങ്ങിനെയങ്ങൊരുദിക്കിലൊരുഘോഷമതുനേരം
എങ്ങിനെഞാനിവയെല്ലാമുള്ളവണ്ണംപറയേണ്ടു!
സോമവംശത്തിലുംപിന്നെസൂര്യ്യവംശത്തിലുമുള്ള
ഭൂമിപാലന്മാരശേഷംപടയ്ക്കാശുപുറപ്പെട്ടു
കുന്തിഭോജൻകാശിരാജൻസിന്ധുരാജൻ, സിംഹളേന്ദ്രൻ
ദന്തിവർമ്മൻവീര്യ്യവർമ്മൻവിന്ധ്യപാലൻവീരപാലൻ
അംഗരാജൻവംഗരാജൻമാഗധൻചേദിഭൂപാലൻ
ശൃംഗപാലൻകലിംഗേശൻശൃംഗിവേരാധിപൻപിന്നെ
ചോളരാജൻഗൌഡരാജൻകേരളൻപാരസീകേന്ദ്രൻ
മാളവേന്ദ്രൻഹേഹയേശൻപിന്നെവീരപ്പനായ്ക്കന്താൻ,
മന്നിലങ്ങുവസിക്കുന്നമന്നവന്മാർപടക്കൂടി
മൊന്നണഞ്ഞുപിണങ്ങുന്നുവെള്ളിഗേഹക്കാരനോട്.

* * * * * * *

* * * * * * *

ക്ഷോണിപാലപ്രവരന്മാരസുരാധീശ്വരൻതന്റെ
ബാണമേററുപടതോററുവില്ലുമററുഞാണുമററു.
ശോണിതങ്ങളണിഞ്ഞങ്ങു മാത്രശേഷിച്ചവരെല്ലാം
നാണവുംകെട്ടൊരുപോലെതാണുവീണുവണങ്ങിനാർ.

പ്രാണഹാനിവരുത്താതെപോണമെന്നങ്ങവർപിന്നെ
വേണ്ടതെല്ലാംകൊടുത്തോരോകോണിലാമാറൊളിച്ചങ്ങു
വാണുകൊണ്ടാരതുകാലംക്ഷീണഭാവത്തോടുകൂടെ
ഓണമില്ലാവിഷുവില്ലാവേലയില്ലാവിളക്കില്ലാ
ഊണമില്ലാവഴിപോലെഊട്ടമില്ലനാട്ടിലെങ്ങും
ഏണിശാബാക്ഷിമാൎക്കുന്നുമോടിയുംപ്രൌഢിയുമില്ലാ
വാണകൂടാവസ്ഥവൊന്നുംവാണിഭവുംനാസ്തിയായി
അന്തണൎക്കുജപമില്ലായാഗമില്ലാഹോമമില്ലാ
ഹന്തകഷ്ടംതപസ്സില്ലാസ്നാനപാനങ്ങളുമില്ലാ.
എന്തുപിന്നെക്കൂത്തുപാട്ടുംപാഠകംനാടകങ്ങളും?
എന്തിനിത്രപറയുന്നുവേണ്ടതെല്ലാമസ്തമിച്ചു.
സങ്കടംമന്നവന്മാൎക്കുചുങ്കമൊന്നുംനടന്നീടാ
മങ്കമാരൊട്ടുനന്നായിക്കണ്ടുവെങ്കിലസുരന്റെ
കിങ്കരന്മാർവന്നുകേറിപ്പിടിച്ചങ്ങുകൊണ്ടുപോകും.
കാൎയ്യക്കാരന്നുരണ്ടുകാശുകിട്ടാൻവകയില്ല
നാരിയെവച്ചിരിപ്പാനുംവൈരിയെക്കൊണ്ടെളുതല്ലാ.
കാൎയ്യസ്ഥന്മാൎക്കുപിന്നെകായക്ലേശവുംവേണ്ടാ
കോയിക്കലെഴുതേണ്ടാവായിക്കുന്നതുംപക്ഷേ.
ഈവണ്ണംവന്നുകൂടിഭാവങ്ങളതുകാലം
കേവലമസുരന്റെദുഷ്ടകൎമ്മംമുഴുക്കയാൽ
നാട്ടിലെങ്ങുമൊരേടത്തുംകോട്ടകളങ്കവുമെല്ലാം
കോട്ടക്കാരനൊപ്പിച്ചേപൊറുപ്പിപ്പൂഎന്നുവന്നു
പാട്ടനെല്ലുങ്ങളളക്കേണംമുപ്പറയുംകൊടുക്കേണം
വീട്ടോലകളുംപാട്ടക്കാണവുംകൊടുക്കേണം
തിങ്ങളിൽതിങ്ങളിൽചെന്നുകാഴ്ചവച്ചുകണ്ടുപോന്നാ
തങ്ങടേടംപൊറുപ്പിക്കാംകൂലിശ്ശേവവുംകിട്ടും. [ൽ
സകലദിക്കുകളിലുംകമലാക്ഷനൊത്തപോലെ
സകലഭൂതലമെല്ലാംപാട്ടിലായെന്നതേവേണ്ടു
ഇരിമ്പുമന്ദിരക്കാരൻവിദ്യുന്മാലിയുമപ്പോൾ
ഒരുമ്പെട്ടുപുറപ്പെട്ടുപാതാളമകംപുക്കു
ഉരഗപുംഗവന്മാരെജ്ജയിച്ചുകോഴയുംവാങ്ങി
പരമപൌരുഷത്തോടെസുഖിച്ചാനെന്നതേവേണ്ടൂ

# രണ്ടാംകളം

ത്രിപുരന്മാരുടെദുഷ്ടചരിതങ്ങൾസഹിയാഞ്ഞു
ത്രിദശന്മാരൊട്ടുക്കുടെപുറപ്പെട്ടുദേവരാജൻ
വിരിഞ്ചനുംസുരന്മാരുംസിദ്ധവിദ്ദ്യാധരന്മാരും
തരംചേർന്നസുരസ്ത്രീകളെന്നുവേണ്ടാഖേചരന്മാർ
ഒരുമ്പെട്ടുവിരവോടെകലശാംഭോനിധിതീരേ
നിന്നങ്ങുമുകുന്ദനെസ്തുതിചെയ്താരക്കാലം
കമലലോചനജയഹരേ
ഖലവിനാശനജയഹരേ
ഗരുഡവാഹനജയഹരേ
ഘനമനോഹരജയഹരേ
ങഞണലിപിമയജയഹരേ
ചലിതകുണ്ഡലജയഹരേ
ഛലിതദിതിസുതജയഹരേ
ജനിതനരസുരജയഹരേ
ഝടുതിപാലയജയഹരേ
....................................
....................................
....................................
....................................
....................................
ണളിനസമമുഖജയഹരേ
തരുണഗുണഗണജയഹരേ
ഥതതിവിമഥനജയഹരേ
ദനുജസുതഹരജയഹരേ
ധരണിപാലകജയഹരേ
നമിതരിപുകുലജയഹരേ
പരമപൂരുഷജയഹരേ

ഫണിവപുശ്ശയജയഹരേ
ബഹളരുചിഭരജയഹരേ
ഭജനഫലകരജയഹരേ
മരണഭവഹരജയഹരേ
യജനപരിചിതജയഹരേ
രജനികരമുഖജയഹരേ
ലളിതസുചരിതജയഹരേ
വരദമുരഹരജയഹരേ
ശരണമയിഭവജയഹരേ
ഷഡൃതുപാലകജയഹരേ
സകലമലഹരജയഹരേ
ഹവനഫലകരജയഹരേ
...............................
ക്ഷപിതരിപുഭടജയഹരേ

ശേഷതല്പംമുകളേറിപ്പള്ളികൊള്ളുംഭഗവാനീ
ഘോഷമെല്ലാംകേട്ടനേരത്തുണർന്നുകൌതുകത്തോടെ
തോഷമുള്ളിൽനിറഞ്ഞേററംകരുണാശാലിയാംദേവൻ
ദോഷലേശമകന്നോരുദേവകളോടരുൾചെയ്തു:
സ്വൈരമല്ലീ സുരന്മാരേ ? മുനിമാർക്കുംഭവാന്മാർക്കും
വൈരമേറുന്നസുരന്മാർദ്ദൂരവേവാഴ്വോരല്ലീ?
വീരനായവാസവൻെറകരത്തിൽവജ്രമെപ്പോഴും
ഘോരമായിവിലസുമ്പോൾഭയത്തിനെന്തവകാശം
ശുക്രശിഷ്യാദികളുടെ വിക്രമങ്ങളൊരിക്കലും
ശക്രലോകങ്ങളിലെങ്ങുംഫലംചെയ്യാനെളുതല്ലാ
വിക്രമങ്ങൾക്കനുകൂലൻവ്യാഴമല്ലോഗുരുഭൂതൻ
വക്രസംസാരങ്ങളൊന്നും നിങ്ങടെനാട്ടിലില്ലല്ലോ
ഇന്നുനിങ്ങൾപലർകൂടിവന്നതിൻകാരണമെല്ലാ
മൊന്നൊഴിയാതുരചെയ്യിൻസുന്ദരീവല്ലഭന്മാരെ.
എന്നിതെല്ലാമരുളപ്പാടങ്ങുകേട്ടുമുനിമാരും
വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചുവാർത്തയെല്ലാം

ദേവദേവഹരേമുകുന്ദജഗന്നിവാസനമോസ്തുതേ
ദേവവൈരികൾവന്നുനമ്മുടെനാടശേഷമടക്കിയേ

ഏവനുംബതശക്തിയില്ലതടുപ്പതിന്നതുകാരണം
കേവലംകരുണാനിധേശരണംഭവാൻശരണംഭവാൻ
താരകാസുരമക്കളാകിയമൂന്നുപേരമരാരിമാർ
നേരുകേടുകൾകാട്ടുവാൻവിരുതോടുകൂടിനടക്കയും
പാരിടത്തിലുമംബരത്തിലുമങ്ങുസപ്പഗൃഹത്തിലും
പാരമുണ്ടമളിത്തരങ്ങൾമനസ്സുമുട്ടിമഹാമതേ!
കോട്ടകൊണ്ടുനടന്നവർതങ്ങടെനാട്ടകംവകയാക്കിയ
ചേട്ടകൾക്കൊരുകോട്ടമില്ലൊരുകൂട്ടമിങ്ങിനെതീർന്നതെ
ജ്യേഷ്ഠനാകിയതാരകാക്ഷനമത്ത്യലോകമടക്കിനാൻ
നാട്ടുകണ്ടകസോദരൻകമലാക്ഷനുഴിമുടിക്കയും
രണ്ടുപേരുടെതമ്പിയാകിയതണ്ടുതപ്പിമഹാശഠൻ
കണ്ടതൊക്കെമുടിപ്പതിന്നരവങ്ങൾനാട്ടിൽനടക്കയും
പണ്ടുഞങ്ങളിവണ്ണമെല്ലാരുസങ്കടങ്ങളൊരിക്കലും
കൊണ്ടൽവർണ്ണസഹിച്ചുവെന്നൊരു കേട്ടു കേളിയുമില്ല
ഹോ
ദുജ്ജനത്തെനിവിത്തിവച്ചുവരംകൊടുത്തുപലത്തുവാ
നിജ്ജനത്തിലൊരുത്തനുണ്ടതുകററമില്ലിതുവന്നതും
ഇജ്ജഗത്തുനശിക്കുമെങ്ങുകൊടുത്തിലെങ്കിലതോക്കയാൽ
ഇജ്ജളക്കുവരംകൊടുത്തുതരംകെടുത്തുജഗത്ത്രയം
ദക്ഷവൈരിഭഗവാനുംപക്ഷപാതംനടിക്കയാൽ
ശിക്ഷവന്നുപുരന്മാക്കുരക്ഷവന്നവഴിപോലെ.
ത്ര്യക്ഷണൻറസേവകന്മാർകാൽക്ഷണംപോലിളയ്ക്കാതെ
രൂക്ഷകമ്മംചെയ്കതെല്ലാമീക്ഷണംചെയ്കയേവേണ്ടു
രക്ഷചെയ്യേണ്ടവർതന്നേഭക്ഷണത്തിനൊരുമ്പെട്ടാൽ
കുക്ഷിമാത്രംപൊറുപ്പിപ്പാൻ ഭിക്ഷകൊണ്ടുമെളുതല്ലാ
യക്ഷികൾക്കുംമക്ഷികൾക്കുംപക്ഷികൾക്കുംകുക്ഷികൾ
[ക്കും
ത്ര്യക്ഷനെല്ലൊരക്ഷശിക്ഷാപ്രത്യയങ്ങൾക്കേകനാഥൻ
ഇക്ഷുചാപാന്തകൻതന്നേപക്ഷപാതാത്തുടങ്ങുമ്പോൾ
രൂക്ഷതയ്ക്കുമിങ്ങുരണ്ടുപക്ഷമില്ലാപുരന്മാക്ക്
കഷ്ടമിന്നീയജമാനന്മാരുമെല്ലാംപലപക്ഷം
ദുഷ്ടതയ്ക്കുതുടങ്ങുമ്പോൾഇഷ്ടമാകുംചിലർക്കൂടെ

അഷ്ടിനന്നായ് കഴിച്ചും കൊണ്ടുഷണിക്കുനടക്കുന്ന
യഷ്ടികളുമതിൽതന്നേപലരുണ്ടെന്നറിഞ്ഞാലും
ഇഷ്ടമല്ലാത്തവരെക്കൊണ്ടെത്രക്കൂട്ടംദൂഷണങ്ങൾ
ഇഷ്ടസേവന്മാരുതന്നെനിന്നുകെട്ടിച്ചമയ്ക്കുന്നു!
കഷ്ടകാലംനമുക്കെല്ലാമെന്നുമാത്രംപറഞ്ഞേക്കാം
ഇഷ്ടമെല്ലാംപറഞ്ഞുംകൊണ്ടരികിൽവന്നവരെല്ലാം
ഇഷ്ടബന്ധുക്കളെന്നത്രേദേവരാജാവിനുഭാവം.
ദുഷ്ടരുമുണ്ടതിൽതന്നേശിഷ്ടരുമുണ്ടതിൽതന്നെ
സ്പഷ്ടമായിട്ടറിയാഞ്ഞാൽനഷ്ടമായിഭവിച്ചേക്കും
ദുഷ്ടരെശിഷ്ടരെന്നോർത്തുംശിഷ്ടരെദുഷ്ടരെന്നോർത്തും
കഷ്ടകർമ്മംഭവിച്ചെന്നാലൊഴിപ്പാനാരുമാളല്ല.
വാളെടുക്കുന്നവരെല്ലാംവെളിച്ചപ്പാടെന്നപോലെ,
മേളമേറുംപ്രഭുക്കന്മാരെന്നഭാവം ചിലർക്കുണ്ട്
വാളുവെട്ടുംപടപ്പോരുംശൌര്യവുമാളടിയാരും
കേളിമന്നിലിവയെല്ലാമുള്ളവരെത്രയുംതുച്ഛം.
കേളികേട്ടപുരുഷന്മാരസൂയകൊണ്ടൊരുകൂട്ടം
താളമൊന്നുപിഴപ്പിപ്പാൻതരംനോക്കിനടക്കുന്നു.
തോളിൽനിന്നുചെവിതിന്നുന്നാളുകൾവിശ്വസിച്ചേടം
ത്തോളമിന്നുകെട്ടകാര്യംവരുത്തുംനിശ്ചയംതന്നെ
എനിക്കത്രേരാജ്യമെന്നുംഎനിക്കത്രേരാജ്യമെന്നും
നിനച്ചേറ്റംഞെളിയുന്നതനിച്ചുബുദ്ധിമാന്മാരും
തനിക്കിത്രബലമുണ്ടെന്നൊരിക്കലുംനിനയ്ക്കാതെ
മെനകെട്ടങ്ങിരിക്കുമ്പോൾകനക്കേടുംഭവിച്ചേക്കും
ഉറക്കത്തിൽപണിക്കത്തേമൊരുതർക്കംവരത്തില്ല.
കരുത്തില്ലാക്കരുതാനേകരുത്തെന്നുംവരത്തില്ലാ
കരുത്തൻഞാനെന്നുതന്നെവരുത്തേണമെന്നുവന്നാൽ
ഗുരുത്വംവേണമല്ലാഞ്ഞാലൊരുത്തനുമെളുതല്ല
ജഗത്തിന്നുംനഗത്തിന്നുംമൃഗത്തിന്നുംഖഗത്തിന്നും
സുഖത്തിന്നുംനഖത്തിന്നുംഇടത്തിന്നുംവലത്തിന്നും
മരത്തിന്നുംതരത്തിന്നുംശിവത്തിന്നുംജലത്തിന്നും
ഇരിമ്പിന്നുംതുരുമ്പിന്നുംവരമ്പിന്നുംഞരമ്പിന്നും
ജഗത്തിലുള്ളവസ്തുക്കൾക്കൊക്കവേകാരണഭൂതൻ

സമസ്തംനിന്തിരുവടിയെന്നുഞങ്ങളറിയുന്നു
സ്ഥാവരംജംഗമംവിഷ്ണുദേവനാരായണസ്വാമി
കേവലാത്മസ്വരൂപാനീദേവകൾക്കുതുണക്കേണം
നാട്ടുപാടെനശിക്കുമ്പോൾചൂട്ടുതട്ടുംമനക്കാമ്പിൽ,
ഓടിവന്നിപ്രദേശത്തുപാട്ടുപാൎക്കുംഞങ്ങളെല്ലാം
കൂടെവന്നുഭവാനപ്പോൾകൂടലരെക്കൊലചെയ്യും
കേട്ടതീരുമ്പോളിക്കൂട്ടംനാട്ടുവാഴുംവഴിപോലെ.
കൂടവെകൂടവെകണ്ടാൽകൂടെഞങ്ങൾക്കൊരിക്കലും
പ്രൌഢതയ്ക്കുംകുറവില്ലമൂഢതയ്ക്കുംകുറവില്ല
ഒന്നുകണ്ടാലറിയാത്തകൂട്ടമായിത്തീൎന്നുഞങ്ങൾ
വന്നുകണ്ടാലാവലാതിയുണൎത്തിപ്പാൻശക്തിയില്ലാ
എന്നുവേണ്ടാമിടുക്കന്മാരെന്നഭാവംചിലൎക്കുണ്ട്
നിന്നുകൊണ്ടങ്ങുരചെയ്യാനെന്നിയെകൊള്ളരുതാരും
നാട്ടിലെങ്ങുമനൎത്ഥങ്ങളൊട്ടുമില്ലാത്തകാലത്തി-
ക്കൂട്ടമെത്രസമൎത്ഥന്മാർ!വലിപ്പുമങ്ങിനെതന്നെ.
പെട്ടകംകുട്ടകംകുട്ടിപ്പട്ടരുംവാലിയക്കാരും
പെട്ടിയുംകട്ടിലുംവട്ടംകൂട്ടിനപൊന്നുറവാളും
വഞ്ചിയും സഞ്ചിയുംവെള്ളിക്കാഞ്ചിയുംകാഞ്ചനക്കോപ്പും
മഞ്ചവുംതഞ്ചവുംകിഞ്ചിൽപുഞ്ചിരിക്കൊഞ്ചലും കണ്ടാൽ
അഞ്ചുമാറുള്ളഭാവങ്ങൾഅഞ്ചുമാറുള്ളപൊന്മാലാ
അഞ്ചുമാറുംകളത്രങ്ങൾനെഞ്ചിലേറുംവിനോദങ്ങൾ
ഇക്കണക്കുപറഞ്ഞെന്നാലിക്കഥയ്ക്കില്ലവസാനം
നിൽക്കണമിന്നിവയെല്ലാമൊക്കയുംബോധമുണ്ടല്ലോ.
അക്കവിക്കുശിഷ്യരായിട്ടിക്കരിക്കുതുല്യരായി
കൎക്കശന്മാരസുരന്മാർധിക്കരിക്കുന്നു ഹാകഷ്ടം
തമ്പുരാനെഅടിയങ്ങൾസംഭരിച്ചുമുതലെല്ലാം
പൊൻപുരക്കാരൻകൂട്ടംവമ്പുകൊണ്ടുകൈക്കലാക്കി
ഉമ്പർനാട്ടിലുള്ളതെല്ലാം മുമ്പർനാട്ടിലസ്തമിച്ചു
കുംഭകോണേകൃതംപാപംകുംഭകോണേവിനശ്യതി.
എത്രതന്നെപറയാവൂ ദേവകൾക്കെന്നുതോന്നേണ്ടാ
ശത്രുചൊല്ലോരപരാധംസഹിക്കാഞ്ഞിട്ടുരയ്ക്കുന്നു

ഊററമാപത്തകപ്പെട്ടാൽമാററുവാനുമെളുതല്ല.
ഏററുപാമ്പിൻവിഷമെല്ലാംപാററകൾക്കസഹിക്കാ
നീററിലുള്ള മുതലകൾ ചീററിവന്നങ്ങടുക്കുമ്പോൾ, (മോ?
മാററ് യാകും തവളയ്ക്കങ്ങേററുപോവാനെളുതാമോ?
മററൊരുത്തൻഗതിയില്ലീപ്പുരിഷന്നെന്നറിഞ്ഞാലും
ക്രൂററനേരംപോററിതന്നേമാററലക്ക്ക്രൂററുകാരൻ
തോററുപോയാൽകേററുവാനുംപോററുവാനുംതീററുവാ
നാററമില്ലീവിധംചൊന്നാൽമററുമെന്നേപറയാവൂ (നും.
ചെററുവാട്ടംവരുത്താതെഊററ വരേത്തുണയ്ക്കണം
കുററമുണ്ടെങ്കിലുമിന്നുപൊറുപ്പിക്കേണമേപോററി!

ദേവകളിത്തരമെല്ലാമാവലാതിപ്രകാരങ്ങൾ
ദേവനോടങ്ങുണർത്തിച്ചു കേവലംനിന്നൊരുശേഷം
സേവകന്മാരുടെപീഡാഭാവമെല്ലാംകാൺകമൂലം
ഭാവമൊന്നുപകന്നേവംദേവദേവനരുൾചെയ്തു:
ഞാനൊരുത്തൻനിരൂപിച്ചാലിതിനുപോംവഴിയില്ല
ദാനവന്മാരുടെബന്ധുപാർവ്വതീവല്ലഭനല്ലോ
ദീനഭാവംകളഞ്ഞാപ്പുമുപായങ്ങളുണ്ടുതാനും
ഹാനിനിങ്ങൾക്കൊരുനാളുംഞാനിരിക്കെഭവിച്ചീടാ
പോകടോനാംമടിയാതെപാർവ്വതീ കാന്തനെക്കാണ്മാൻ
ശോകമെല്ലാംശമിപ്പിക്കുംലോകനാഥൻചന്ദ്രചൂഡൻ
ആകുലപ്പെട്ടവർക്കെല്ലാമേകബന്ധുദയസിന്ധു
ലോകസൃഷ്ടിസ്ഥിതിധ്വംസക്രിയകൾക്കഹേതുഭൂതൻ

പരമപുരുഷനിവണ്ണമൊന്നരുൾചെയ്തു ദേവകളോടുട
ഗരുഡഗളമതിലേറിയേറിനന്മനിജനങ്ങളുമമരരും (ൻ
സരസിരുഹഭവനമരപരിവൃഢനമരനാരികളുമരരും
പരിചൊടിളകിനപടകളിടകവെരുഡടിതി യാത്രതുടങ്ങി
[നാർ
രജനികരകലചൂടുമീശ്വരനമരുമചലകുലോത്തമൻ
രജതഗിരിവരമപ്പൊടേയവർകണ്ടുകണ്ടുനടക്കയും
രജനിചരകുലശലഭകാലമഹാനലൻകരുണാകരൻ
രജനിപരിണതിവേളയിങ്കലടുത്തുചെന്നുമഹാതടേ
ഇന്ദിരാപതിയാകുമീശ്വരനിന്ദ്രനോടുപതുക്കവേ
മന്ദഹാസരസംകലന്നരുൾചെയ്തുശേഷജനത്തോടും

ഇന്നിങ്ങളശേഷരും പുനരിന്ദുചൂഡനെയാദരാൽ
വന്ദനംകനിവോടുചെയ്തുതപസ്സുചെയ്യേണമേവരും
നാരദൻമുനിപുംഗവൻപുനരിങ്ങുപോരികപോകനാം
സാരമായൊരുകാര്യമുണ്ടിഹനാമതിന്നുതുടങ്ങുക
വാരിജാക്ഷനിവണ്ണമൊന്നരുൾചെയ്തുദേവകളോടുടൻ
നാരദന്റെകരംപിടിച്ചുചിരിച്ചുകൊണ്ടുതിരിച്ചുതേ
ബുദ്ധികൌശലശീലനാംപുരുഷോത്തമൻഗരുഡധ്വജൻ
ബൃദ്ധതാപസവേഷമാശുധരിച്ചുബദ്ധകുതൂഹലാൽ
ശുദ്ധമാകുമൊരാൽത്തറപ്പുറമേറിവാണരുളീടിനാൻ.
വൃദ്ധനെത്രവയസ്സുചെന്നനരച്ചുകണ്ണിമകൂടവേ,
ക്ഷീരസാഗരവാരിപോലെവെളുത്തുനീണ്ടൊരു താടിയും
ചാരുപുസ്തകഷായവസ്ത്രവുമുത്തരീയവുമങ്ങിനേ
ഭൂരിപിംഗജടാകലാപവുമങ്ങുയോഗപടങ്ങളും [നാർ
ചേരുമീവികമൃത്തനൈരുദ്ധനിതെന്നു കണ്ടവർ ചൊല്ലി-
ബന്ധവാകിയനാരദൻമുനിശിഷ്യനെന്നുനടിച്ചുടൻ
ഗ്രന്ഥമൊന്നുകരത്തിലാക്കിയഴിച്ചുനോക്കിയിരിക്കയും
എന്തിതിങ്ങിനെവായനയ്ക്കുനടപ്പുമില്ലനിനക്കെടോ
ചിന്തയില്ലപഠിച്ചില്ലെങ്കിലടിക്കുമെന്നൊരുഭാവവും
വീണയങ്ങരികത്തുവച്ചുപഠിക്കുമൊട്ടുനടിക്കയും
കാണിനേരമിളയ്ക്കിലഗ്ഗുരുതാഡനങ്ങൾകൊടുക്കയും
ഇങ്ങിനെയൊരുശിഷ്യനുംഗുരുവുംപെരുത്തൊരു കൌത
[വാ
ലങ്ങുവാണപുരത്രയംസ്വരുപിക്കമാൽത്തറമണ്ഡപേ
മൂന്നുലോകമുടൻമുടിച്ചുനടക്കുമുപ്പുരദൈത്യരും
മൂന്നുപേരുമൊരായിരംവരിഷംതികഞ്ഞദശാന്തരേ
പോന്നുവന്നുജവേനബോധിമരത്തറയ്ക്കലൊരിക്കലേ
നിന്നുകൊണ്ടഥതമ്മിൽനോക്കിഹസിച്ചു കൊണ്ടവർ-
[ചൊല്ലിനാർ:
നോക്കെടാഒരുമൂപ്പരിന്നിഹവന്നുകൂടിയതാരെടാ!
നീക്കമില്ലൊരുശാസ്ത്രിയായതുപിന്നെനല്ലൊരു ശിഷ്യനും
ബൌദ്ധനെന്നിഹതോന്നുമാകൃതികാണുകിൽ പുനരെത്ര
വൃദ്ധനത്രനടന്നുവന്നതുമോർക്കിലത്രയുമത്ഭുതം [യും

ഇത്ഥമങ്ങുപറഞ്ഞുകൊണ്ടരികത്തുചെന്നുപുരത്രയം
വൃദ്ധതാപസബൌദ്ധനോട്ടരചെയ്തുകൈതവ കോവിദം
ഗ്രന്ഥിയായഭവാന്റെകുലമേതെടോഗൃഹമേതെടൊ?
ബന്ധമെന്തിഹവന്നിരിപ്പതിനെന്തുപേരുതനിക്കെടോ?
ഗ്രന്ഥമെന്തുപുരാണമോഅഥകാവ്യമോബത ശാസ്ത്രമോ?
സിന്ധുപോലെപെരുത്തവിദ്യയിലേതിലിങ്ങുപരിശ്രമം?
താരകാത്മജവാക്കുകേട്ടുമുകുന്ദനൊന്നരുളീടിനാൻ:
വീരരാകിയനിങ്ങൾമൂവ്വരുമത്രവന്നുവസിക്കെടോ
സാരമാകിയബൌദ്ധശാസ്ത്രമിതെത്രയുംപുനരുത്തമം
നേരുതന്നെനിനയ്ക്കിലിന്നിതു കൊണ്ടുവേണമശേഷവും
സാരബുദ്ധിതരിമ്പുമില്ലിഹനിങ്ങൾമൂന്നുജനത്തിനും
ആരുചൊല്ലിയതിപ്രകാരമൊരാഢ്യമുദ്രതുടങ്ങുവാൻ?
ചാരമിങ്ങിനെനല്ലമേനിയിലാശുപൂശിയതെന്തെടോ?
ചേരുമെന്നുപറഞ്ഞതാരിവനീരസങ്ങൾതുടങ്ങൊലാ
പുസ്തകങ്ങളിലൊന്നിലുംപുനരിത്തരംവിധിയില്ലെടോ
വസ്തുബോധവുമില്ലനിങ്ങടെനാട്ടിലെങ്ങുമിതെന്തെടോ
വിസ്തരിച്ചുപറഞ്ഞുകേൾക്കണമെങ്കിലിന്നുമഹോത്സവം
പുസ്തകങ്ങളിലുള്ളതൊക്കെമനസ്സിലുണ്ടുനമുക്കെടോ
കാമവുംപുനരൎത്ഥവുംപുരുഷാൎത്ഥമിങ്ങിനെരണ്ടെടോ
ഭൂമിവെള്ളവുമഗ്നിവായുവുമെന്നനാലിഹഭൂതവും [ക്കണം
മോക്ഷമെന്നൊരു വസ്തുവില്ലതിനാരു സാക്ഷിയതോ
കാൽക്ഷണംകളയാതെനല്ലസുഖങ്ങളൊക്കെവരുത്തണം
ഭള്ളു.കാട്ടിലെഞെളിഞ്ഞിരുന്നുതപസ്സുചെയ്തുവിശന്നുതാ
നുള്ളകാലമൊടുക്കുവാൻ വിട്ടുഭോഷനെന്നിയെ തോന്നു
* * * * * * * [മോ?
കള്ളുമൊട്ടുകുടിക്കണംസുഖമുള്ളദിക്കിലിരിക്കണം
വെള്ളചെററിലജാതിപത്രികപാക്കുതൂക്കുപുകേലയും
ഉള്ളനാളിലിളയ്ക്കൊലാചിതമല്ലിതെന്നുനിനയ്ക്കൊലാ
ശങ്കവേണ്ടമനക്കരുന്നിലൊരിക്കലുംപുരവീരരേ
ശങ്കരപ്രിയമെന്നുചൊല്ലിനിനച്ചുശിങ്കുകളിക്കൊലാ [ടോ
എങ്കിലൊന്നുധരിക്കണംശിവനെന്നൊരീശ്വരനില്ലെ
എങ്കൽനിന്നുധരിച്ചുകൊൾക സമസ്തശാസ്ത്രവുമിപ്പൊഴേ

അമ്പിളിക്കലചൂടുവോൻമലരമ്പനെക്കലചെയ്തവൻ
തുമ്പമാല്യമണിഞ്ഞവൻപലപാമ്പുകൊണ്ടു ചമഞ്ഞവൻ
ഇത്തരംപലരുംപറഞ്ഞതുഭോഷ്കുതന്നെയതിന്നുഞാ
നുത്തരംപറയുന്നനേരമൊരുത്തനങ്ങുരിയാടുമോ?
മാധവൻെറവചനങ്ങൾകേട്ടനേരംത്രിപുരന്മാർ
ക്രോധമോടെകണ്ണുരുട്ടിമിഴിച്ചുനിന്നുരചെയ്തു
സാധുവായഭഗവാനെദ്ദൂഷിക്കുന്നതെന്തെടാമൂഢാ?
ബോധിവൃക്ഷത്തറമേൽനിന്നിറങ്ങിപ്പോക വൈകാതെ
വൃദ്ധനായബൌദ്ധനേതുംശുദ്ധിയില്ലാബുദ്ധിയില്ലാ
മുഗ്ദ്ധചന്ദ്രചൂഡനെക്കൊണ്ടപവാദങ്ങൾ പറഞ്ഞെന്നാൽ
ഭക്തരായഞങ്ങൾകേട്ടാൽക്ഷമിക്കില്ലെന്നറിഞ്ഞാലും
ഭുക്തിമുക്തിപ്രദൻസാക്ഷാൽജഗന്നാഥൻമഹാദേവൻ
ശങ്കരൻപാർവ്വതീകാന്തൻകാമവൈരികാലകാലൻ
തിങ്കൾമൌലീകാളകണ്ഠൻഞങ്ങടേതമ്പുരാനല്ലോ
ദോഷവാക്കുപറഞ്ഞെന്നാൽനാക്കുഖണ്ഡിച്ചുപോമിപ്പോ
ഭോഷനായമൂത്തബൌദ്ധാനടക്കശിഷ്യനുംതാനും. [ൾ
ദോഷവാക്കുപറഞ്ഞാലുംനിനച്ചാലുംശ്രവിച്ചാലും
ദോഷമുണ്ടെന്നറികനീമൂഢനേതുംബോധമില്ലാ.
പത്തുനൂറുവയസ്സായിട്ടൊരുവസ്തുതിരിയാത്ത
മൂത്തമാപ്പിളയ്ക്കുചാവാൻമനസ്സില്ലാത്തെന്തുകഷ്ടം!
കൃത്തിവാസസ്സിനേക്കൊണ്ടുദൂഷിച്ചെന്നാലിന്നുതന്നെ
മൃത്യുനിങ്ങൾക്കിരുവർക്കുമടുത്തുസംശയമില്ല.
ഇപ്രകാരംകയർക്കുന്നപുരന്മാരോടരുൾചെയ്തു
സുപ്രസന്നാനനൻദേവൻമുകുന്ദൻമന്ദമീവണ്ണം:
മല്പുരന്മാർക്കിതുകേട്ടാലെന്തുബന്ധംമനക്കാമ്പിൽ
അപ്രിയാസംഭവിപ്പാനെന്തിതുചൊല്ലാംപരമാർത്ഥം
ഗാത്രവുംശ്രോത്രവുംപിന്നെനേത്രവുംജിഹ്വയുംഘ്രാണം
പാർത്തുകണ്ടാലിവയഞ്ചുമിന്ദ്രിയങ്ങളറിഞ്ഞാലും
അഞ്ചുകൊണ്ടുംശിവനുണ്ടെന്നറിവാനിന്നെളുതല്ലാ
പഞ്ചഭൂതാത്മകമായദേഹവുംദേഹിയുമില്ലാ
കുതിരയ്ക്കുരണ്ടുകൊമ്പുണ്ടെന്നൊരുത്തൻപറഞ്ഞെന്നാൽ
ആയതെന്നവിശ്വസിച്ചാൽകണക്കുണ്ടോപുരന്മാരേ?

മതികൊണ്ടുവിചാരിച്ചുത്യജിച്ചാലുംമോഹമെല്ലാം
ചത്തവന്റെപ്രസാദത്തെവരുത്താമെന്നുചൊല്ലീട്ടു
ചാത്തമൂട്ടുന്നതുംപിന്നെപാഴിലെന്നുധരിച്ചാലും.
കൊററൊരുത്തൻവഴിപോലെകഴിച്ചെന്നാലതു കൊണ്ടു
മററൊരുമാനുഷൻതന്റെവിശപ്പുതീരുമാറുണ്ടോ?
കാററുതട്ടിവിളക്കുകെട്ടുപോയാലതിൽപിന്നെ
ആററലോടെവെളിച്ചെണ്ണപകർന്നാൽകത്തുമാറുണ്ടോ?
ജീവനോടെവസിക്കുന്നകാലമെല്ലാംഭവിച്ചീടും
കേവലംമാനുഷന്മാർക്കുദുഷ്കൃതവുംസുകൃതവും
ജീവനാശംവന്നുപോയാലൊരുവസ്തുപിന്നെയില്ലാ
ദേവലോകപ്രാപ്തിയെന്നുപറയുന്നതുഭോഷ്കുതന്നെ
മുത്തുമാലാകടകങ്ങളൊത്തവണ്ണമണിഞ്ഞുംകൊ-
ണ്ടുത്തമസ്ത്രീകടെവീട്ടിൽചിത്തമോദംകലർന്നാശു
മെത്തകേറിശ്ശയിക്കുന്നസത്തുകൾക്കുപുണ്യപൂരം
പട്ടിപോലെവിശന്നോരോകോട്ടിലെല്ലാംനടന്നല്പം
കിട്ടിയതണ്ഡുലംകൊണ്ടുവീട്ടിൽവന്നങ്ങൊരുനേരം
പൊട്ടിയോരുകലംതന്നിലിട്ടുവെള്ളംപകർന്നേവം
ഒട്ടുവെന്താൽവാങ്ങിവച്ചുചുട്ടകഞ്ഞികുടിച്ചിട്ടു
കുട്ടികൾക്കുകൊടുത്തേതുംകൂട്ടുവാനില്ലായ്കമൂലം
പട്ടിണിപ്രായമായുള്ളകഷ്ടകർമ്മമനുഭവി-
ച്ചൊട്ടുകാലംദുരിതത്തിൻപാട്ടിലാകുംമനുജന്റെ
ക്ലിഷ്ടമാകുമിഹലോകചേഷ്ടിതങ്ങൾകണ്ടുകൊൾവിൻ
അത്രയുമില്ലിനിച്ചൊല്ലാംചിത്രമായവിശേഷങ്ങൾ
മാത്രമൈശ്വര്യമുണ്ടെന്നാൽധാത്രിയിലീശ്വരൻതന്നേ
സൂര്യനെന്നിയെമററുദൈവമില്ലാനമുക്കിപ്പോൾ
കാര്യംഞാൻപറയുന്നേൻനേരുകേടെന്നുതോന്നേണ്ടാ
ആര്യസ്വാമിയായുള്ളചാർവ്വാകഭഗവാന്റെ
സാരമാംമതംതന്നേഹിതമെന്നുധരിച്ചാലും
കാണുന്നവസ്തുവെല്ലാംപരമാർത്ഥംജഗത്തിങ്കൽ
കാണാത്തവസ്തുവെല്ലാംഭോഷ്കുതന്നേപുരന്മാരേ
വേണംസ്വർഗ്ഗമെന്നെല്ലാംനിരൂപിച്ചുതപംചെയ്യു
ലൂണാംനാസ്തിയാമല്ലാതൊരുവസ്തുവരത്തില്ലാ.

നോററംകൊണ്ടൊരുകൂട്ടംതാപസന്മാർവനംതോറും
കാററുംകൊണ്ടിരിക്കുന്നകൊററിനില്ലായ്കകൊണ്ടത്രേ
മാററികൾക്കിന്നിതല്ലാതെചെററുമാററംഫലമില്ലാ
കുററകാരുമവക്കില്ലാദ്ദുരിതംകൂണ്ടുകൊണ്ടല്ല !
മോഹങ്ങൾതുടങ്ങാതെദേഹങ്ങൾഭരിക്കേണം
ദേഹങ്ങൾനശിക്കുമ്പോൾദേഹികൾക്കുകൂടെനാശം
ആഹാരംകഴിച്ചുംകൊണ്ടാഹാരന്യെന്നിരിക്കേണം
സ്നേഹിക്കുംജനങ്ങളിൽസ്നേഹവ്യാഭവിക്കേണം
ശിവനെന്നുംവിഷ്ണുവെന്നുമിവചിന്തിച്ചിരുന്നെന്നാൽ
അവരെക്കൊണ്ടൊരുകാൎയ്യംഭുവനവാസികൾക്കില്ലാ
കയ്യിൽപുണ്ണിനുപിന്നെകണ്ണാടികൂടെവേണോ?
കയ്യിൽഗ്രന്ഥമുണ്ടല്ലോപഠിപ്പിക്കാംവേണമെങ്കിൽ
അന്യോന്നിങ്ങടെജന്മംപാഴിലായെന്നതേവേണ്ടു
പൊയ്യല്ലേപറയുന്നസാരബോധംചെററുമില്ലാ.
ഇരംവണ്ണംപലവാക്കുകേട്ടപ്പോൾപുരന്മാൎക്കു
ദൈവമില്ലെന്നുകിഞ്ചിൽബോധംവന്നുതുടവിച്ചു.
ദേവന്റെകപടങ്ങളേവംമാനസതാരിൽ
മൂവൎക്കുംദൃഢമായഭാവത്തെമറിക്കുന്നു
നീചന്മാരതുനേരമെഴുന്നേററുവഴിപോലെ
ആചാരംചെയ്തുനിന്നുത്രിപുരന്മാർഭക്തിയോടെ
ശാസ്ത്രങ്ങളടിയങ്ങൾക്കെത്രമാത്രംഗ്രഹിക്കേണം
ശാസ്ത്രിയാംഭവാൻതന്നെഗുരുഭൂതനിനിമേലിൽ.
താരകന്റെതനയന്മാരിപ്രകാരമണത്തിച്ചു
ട്ടരെനിന്നുകരംകൂപ്പിശിഷ്യഭാവംനടിച്ചപ്പോൾ
നാരദന്റെകരത്തിന്നാഗ്രന്ഥമന്പോടുമേടിച്ചു
താരകാക്ഷനുടെകയ്യിൽകൊടുത്തുബുദ്ധയോഗീന്ദ്രൻ
പുരന്മാൎക്കുമനക്കാമ്പിൽബോധമുണ്ടാകുവാനുള്ള
പരീക്ഷയ്ക്കായതുനേരമതുംചെയ്തുപത്മനാഭൻ.
പുരന്മാരേകണ്ടുകൊൾവിൻനമ്മുടെശാസ്ത്രമാഹാത്മ്യം
പരമാൎത്ഥംകണ്ടതെല്ലാമസത്യംകാണാത്തതെല്ലാം
ഇല്ലെന്നുഞാൻപറഞ്ഞാലില്ലെന്നുവരുംതാനും
ഉണ്ടെന്നുഞാൻപറഞ്ഞാലുണ്ടെന്നുവരുംതാനും

കണ്ടാലുമെന്നരുളിതണ്ടാർമാനിനീകാന്തൻ
കിണ്ടിതന്നിലെവെള്ളംകൊണ്ടങ്ങുതളിച്ചപ്പോൾ
പണ്ടേയുള്ളരയാലുംഭസ്മമായ് ചമഞ്ഞങ്ങു
കണ്ടപ്പോൾപുരന്മാർക്കുവിസ്മയംപാരമുണ്ടായി
ഉണ്ടെന്നങ്ങരുൾചെയ്തുപിന്നെവെള്ളംതളിച്ചപ്പോൾ
കണ്ടുവന്മരമായോരരയാലുംവന്നുപൊങ്ങി.
നിശ്ചരാകുംത്രിപുരന്മാർക്കുറച്ചുസത്യമെന്നെല്ലാം
സാരമായബൌദ്ധശാസ്ത്രംപഠിപ്പാനങ്ങൊരുമ്പെട്ടു
നാരദമാമുനിശ്രേഷ്ഠനേഷണിക്കുംപുറപ്പെട്ടു
സ്വൈരമോടേവീണതോളിൽധരിച്ചുപൊൻപുരംപു
കോട്ടമാളികമേലിരുന്നൊരുക്രൂരമസുരവധൂജനം [ക്കാൻ
പാട്ടുപാടിരസിക്കുമത്തൊഴിൽകേട്ടുമുനിവരനാദരാൽ
കൂട്ടിവീണപതുക്കെയങ്ങിനെമീട്ടിമലഹരിതോടിയും
കൂട്ടിവായനയുംതുടങ്ങിയടുത്തുചെന്നരുളീടിനാൻ
ധർമ്മപത്നികളായനിങ്ങടെകർമ്മദോഷമിതെന്തുവാൻ

.................................................

ധർമ്മമൊക്കെവെടിഞ്ഞുനല്ലൊരുശർമ്മബുദ്ധി തുടങ്ങുവിൻ
താരകാക്ഷനിതെത്രകണ്ടകനാരുചേരുമവനഹോ!
നീരസൻവികൃതൻവിലക്ഷണനേതുമേതിരിയാത്തവൻ
സരസിജാക്ഷികളായനിങ്ങടെകാലദോഷമിതെത്രയും
ചേരുമോഒരുമർക്കടത്തിൻതാലിമാലകൾചാർത്തിയാൽ!

..................................................................

നല്ലകൌശലത്തോടേനാരദന്റെവചനങ്ങ-
ളെല്ലാംകേട്ടുനേരംകാര്യമെന്നുബോധിച്ചു
തെല്ലുംസംശയംകൂടാതസുരനാരിമാരെല്ലാം

* * * * * * *

എല്ലാമിങ്ങിനെയാക്കിച്ചമച്ചുനാരദൻപിന്നെ
മെല്ലവേവീണയുമായിവെള്ളിഗേഹമകംപുക്കു
വെള്ളിക്കോട്ടയിലുള്ളനാരിമാർക്കതുപോലെ
കള്ളങ്ങൾപഠിപ്പിച്ചങ്ങിരിമ്പുമന്ദിരംപുക്കു
വിദ്യുന്മാലിയെന്നുള്ളവിദ്വാന്റെഭാര്യമാരെ
അഴിക്കിലുള്ളവർകൾക്കൊത്തവണ്ണമാക്കിവെച്ചു

മുപ്പുരന്മാരതുനേരംബൌദ്ധശാസ്ത്രങ്ങളെയെല്ലാം
അല്പകാലംകൊണ്ടശേഷംപഠിച്ചുദക്ഷിണചെയ്തു
കെല്പിനോടേശ് വന്നില്ലാശിവനില്ലെന്നൊരുപോലെ
ഏറ്റെപ്പൊഴുംനിന്ദചെയ്തുശിവലിംഗമുപേക്ഷിച്ചു
നല്ലരുദ്രാക്ഷവുംപിന്നെക്കല്ലുകൊണ്ടുപൊടിച്ചാശു
വല്ലഭന്മാർപുലിത്തോലുംകീറിദൂരത്തുപേക്ഷിച്ചു
ഉത്തമാംഗേവിളങ്ങുന്നജടാഭാരങ്ങളെയെല്ലാം
കത്തിയമ്പുകൊണ്ടശേഷംചിരച്ചുദ്വഷ്ടരന്നേരം
മേനിതന്നിലണിഞ്ഞൊരുചാരമെല്ലാംതുത്തുവാരി
സ്നാനവുംചെയ്തൊരുപോലെമൂന്നുപേരുംവന്നിരുന്നു
മാനമേറുംദനുജന്മാർമോടികൂട്ടിവഴിപോലെ
മാനിനിമാരോടുകൂടിക്കോട്ടപുക്കുസമർത്ഥന്മാർ.
കച്ചമുറുക്കുഞെറിഞ്ഞുടുത്തു
ചേർച്ചയുണ്ടതിനെന്നുറത്തു
പച്ചമുക്കിനകച്ചകൊണ്ടതിമെച്ചമാകിയമട്ടുടുത്തു
കൂട്ടുകുറികളരച്ചണിഞ്ഞു
നാട്ടുപുഴുവുമെടുത്തണിഞ്ഞു
പട്ടുപുടവകളോടുപലവകകെട്ടിയങ്ങൊരുവിധമണി
ചന്ദ്രകാവിവളച്ചുകെട്ടി ഞ്ഞു
ചന്ദ്രകാന്തികളേറെതട്ടി
ചന്ദനംപുനരിന്ദുചൂർണ്ണവുമെന്നവേണ്ടവിധങ്ങൾകൂട്ടി.
വീണവായനയുംതുടങ്ങി
വേണുവാദനവുംതുടങ്ങി (ണ്ടി
നാണമങ്ങൊരുകോണിലാക്കളവാണിമാർക്കുംപത്തുക്കമ

*   *   *   *

*   *   *   *

*   *   *   *

*   *   *   *

*   *   *   *

ഹന്തകഷ്ടമിതൊക്കെയൊന്നുമറിഞ്ഞുതിന്നദശാന്തരേ
നല്ലനാരികൾവന്നുവെങ്കിലെനിക്കെനിക്കുലഭിക്കണം
മല്ലമാലസുഗന്ധപുഷ്പമെനിക്കെനിക്കുധരിക്കണം

നല്ലമദ്യനിവേദ്യങ്ങളെനിക്കെനിക്കുതുടങ്ങുന്നം
വല്ലവസ്തുവുമാഗ്രഹിച്ചതെനിക്കെനിക്കുവരുത്തുന്നം
ഇന്നിവിധങ്ങൾനടിച്ചുംകൊണ്ടസുരന്മാർമൂന്നുപേരും
ശൈവനാമംമറന്നാർത്തുമദിച്ചാരെന്നതേവേണ്ടു
ദേവദേവൻപത്മനാഭൻമറ്റുമെല്ലവേചെന്നു
ദേവവൃന്ദങ്ങളിൽകൂടിതപംചെയ്തുവാണരുളി.
ഏഷണിക്കാരനായുള്ളമുനിശ്രേഷ്ഠൻപുറപ്പെട്ടു
ഭീഷണികളിവയെല്ലാംശംഭുതന്നോടറിയിപ്പാൻ
ഭോഷരായത്രിപുരന്മാർക്കുടൻനാശമെന്നോർത്തു
തോഷമോടങ്ങുകൈലാസപർവ്വതത്തിൻമുകളേറി
തുമ്പയുംചാമ്പലുംപാമ്പുംഅമ്പിളിഗംഗയുംചൂടും
തമ്പുരാൻറെപുരംതന്നിലിമ്പമോടെചെന്നുകേറി
നിന്നനേരംചന്ദ്രചൂഡൻമന്ദമൊന്നങ്ങരുൾചെയ്തു
വന്നിതൊതാപസശ്രേഷ്ഠൻനന്നുവന്നിങ്ങിരുന്നാലും
ഇന്നെനിക്കുവിനോദങ്ങളൊന്നുമില്ലാഞ്ഞിരിക്കുന്നു
വന്നകാര്യംപറഞ്ഞാലുംനിന്നുകാലംകഴയ്ക്കേണ്ടാ
എന്നുടെമുമ്പിലാമ്മാറങ്ങിരുന്നാലുംവഴിപോലെ
നിന്നുടെവാക്കുകൾകേൾപ്പാൻപാർവ്വതിക്കാഗ്രഹംപാരം
ഒന്നുനമ്മോടറിയിപ്പാൻവന്നുവെന്നിങ്ങുതോന്നുന്നു
ഒന്നുകൂടാതൊരിക്കലുംകാണുമാറില്ലെടോതന്നെ
എന്നിതെല്ലാമരുളപ്പാടങ്ങുകേട്ടുമുനിശ്രേഷ്ഠൻ
വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചുവാർത്തയെല്ലാം
ചന്ദ്രചൂഡാഭഗവാനെവന്നകാര്യമുണർത്തിക്കാം
ചന്ദനമെന്നോർത്തവൃക്ഷംകാഞ്ഞിരമായ്വന്നിതിപ്പോൾ.
മാലയെന്നുനിനച്ചേവംവിശ്വസിച്ചവസ്തുവെല്ലാം
കാലസർപ്പങ്ങളുമായികാലദോഷത്തിൻറെമൂലം
ഇത്രനാളുംഭക്തരായിനടന്നോരുത്രിപുരന്മാർ
എത്രതന്നെഭഗവാനെദ്ദുഷിക്കുന്നുകശ്മലന്മാർ
അക്ഷസൂത്രംശിവലിംഗംവ്യാഘ്രചർമ്മംജടാഭാരം
രക്ഷയുംതൽക്ഷണംദൂരത്തുപേക്ഷിച്ചുകശ്മലന്മാർ!
ശിവനെന്നുള്ളനാമത്തെകേട്ടുകൂടാതൊരിക്കലും
ശിവനില്ലാശിവനില്ലെന്നോർത്തുപോലെജപിക്കുന്നു

ഒരുകൂട്ടംപൌരുഷശാസ്ത്രമുള്ളവാക്കിവഴിപോലെ
ഗുരുവായിട്ടൊരുവിദ്വാൻവന്നിരുന്നുപഠിപ്പിച്ചു
പരമാൎത്ഥമിവയെല്ലാംമുറച്ചുകാമലാഭത്തി
നൊരുമ്പെട്ടത്രിപുരന്മാർമറന്നുനിൻചരിതങ്ങൾ
ദുഷ്ടതയ്ക്കുവിരുതുള്ളത്രിപുരന്മാരുടെകൂട്ടം
കഷ്ടമെന്നേപറയാവൂകാലകാലഭഗവാനെ
നാരദന്റെവചനങ്ങൾകേട്ടനേരംഘോരഘോരം
മാരഹന്താവുടെഭാവംപകൎന്നുകാണായിവന്നു
വികടനിടിലതടത്തിലേററം
ഭ്രുകുടിവടിവിലുയൎന്നുവന്നു
ചടുലമുടലുമുടൻവളൎന്നു
ഝടുതിനയനമുടൻചുവന്നു
ശിരസിസുരനദിതന്നിലേന്തും
തിരകളിളകിമറിഞ്ഞുലഞ്ഞു
കടകഭുജഗമുണൎന്നിരുന്നു
കഠിനവിഷനികരംചൊരിഞ്ഞു
ജടകളഖിലമഴിഞ്ഞുലഞ്ഞു
കുടിലഫണിപടലംവിളങ്ങി
തരളനിടിലവിലോചനാന്തേ
പരിചിലനലകണംജ്വലിച്ചു
തുടകളിടയുമുടൻകുലുങ്ങി
തുടയിൽഗിരിമകളുംനടുങ്ങി
അന്തകാന്തകനാകുമീശ്വരനന്ധകാസുരനാശനൻ
അന്ധരാമസുരത്രയത്തെയെരിച്ചുഭസ്മമതാക്കുവാൻ
ചിന്തതന്നിലുറച്ചുകൊണ്ടുകഠോരമായകുഠാരവും
ചന്തമേറിനശൂലവുംകരതാരിലാക്കിമഹേശ്വരൻ
സിന്ധുമൌലിഭുജംഗഭൂഷണനെത്രയുംബഹുതേജസാ
ശങ്കരന്റെരൂപഭേദപ്രൌഢികണ്ടുഭൂതവൃന്ദം
സംഭ്രമിച്ചുസൎവരുമങ്ങൊത്തുകൂടിയതുനേരം
ഭൃംഗിരടീതുംഗകേതുഭൃഗവുംഭീഗുവുംപിന്നെ
കൂശ്മാണ്ഡൻലോകകണ്ഡൻജംബുകീടൻവ്യാഘ്രകേശീ
വീരനാകുംവീരഭദ്രൻവീരസിംഹോദരൻതാനും

അരിതാരമരച്ചാശ്ശുമുഖത്തുതേച്ചൊരുകൂട്ടം
അരികൊണ്ടുംകരികൊണ്ടുംവരച്ചുംകൊണ്ടൊരുകൂട്ടം
മരത്തിന്റെതോലുകൊണ്ടങ്ങുടുത്തുംകൊണ്ടൊരുകൂട്ടം
നൂറുംമഞ്ഞളുംകൂട്ടിയണിഞ്ഞുംകൊണ്ടൊരുകൂട്ടം
ആറുമമ്പതുംകൂടെകെട്ടുപൊട്ടങ്ങൊരുകൂട്ടം
ഇത്തരംപലവേഷമങ്ങുചമഞ്ഞുഭൂതഗണങ്ങളും
സത്വരംപലവാക്കുതമ്മിലുരത്തുകൊണ്ടുരസിക്കയും
ഏതൊരുത്തനൊടിന്നുനമ്മുടെതമ്പുരാൻപടകൂട്ടുവാൻ
ചേതസാകലഹിപ്പതിന്നെഴുനേററുകാരണമെന്തെടോ?
കേട്ടതിന്നുമതിന്റെസംഗതികൂട്ടരാമസുരത്രയം
പാട്ടുപാടിജഗത്രയേശിവനില്ലയെന്നുനടന്നുപോൽ
നാട്ടുപാഴരെയിന്നുതന്നെയടിച്ചുകൊല്ലണമൊക്കവേ
കൂട്ടുകാരുടെകൂട്ടവുംപലകൂട്ടമങ്ങുനശിക്കണം
ഞാനൊരുത്തനടുത്തുചെന്നുപിടിച്ചുകെട്ടി വരിഞ്ഞഹോ
മാനഹാനിവരുത്തിയിങ്ങുവരുത്തുവൻപുരവീരരെ
താനതിന്നുപുറപ്പെടേണ്ടതനിക്കതിന്നെറളതല്ലെടൊ
ദാനവത്രയമത്രദുർബ്ബലമല്ലകില്ലതിനില്ലെടൊ
ഇന്നുമററൊരുശത്രുവന്നുപിണങ്ങുമോശിവനോടഹോ
ഇന്ദുശേഖരനോടുകേറിയെതിർത്തതേതൊരുധൃഷ്ടിയാൻ
ഇന്നുനമ്മുടെനാരദൻമുനിവന്നനേരമറിഞ്ഞുതേ
ഇന്നുനല്ലൊരുയുദ്ധമിങ്ങിനിവന്നുകൂടിടുമെന്നതും
കാളിക്കൂളികളിത്തരംപലവാക്കുതമ്മിലുരത്തുടൻ
മേളമേറിനവെള്ളിമാമലതള്ളിയുന്തിനടക്കയും
ഭദ്രകാളികളിച്ചുകൊണ്ടുടനഗ്രിതന്നിൽനടക്കയും
രൌദ്രകോപമെടുത്തുചെന്നഥരുദ്രനോടിടകൂടിയും
കച്ചകെട്ടിമുറുക്കിനല്ലൊരുവാല്യമിട്ടൊരുസുന്ദരൻ
മെച്ചമേറിനഭൂതനാഥനുമശ്വമേറിനടക്കയും
മൂഷികന്റെഗളത്തിലേറിനവിഘ്നരാജനുമങ്ങിനേ
വേഷഭീഷണനങ്ങുഘോഷിതഭാഷണത്തൊടടുക്കയും
ഇത്ഥമോരോമഹാഘോഷത്തോടുകൂടെപ്പുറപ്പെട്ടു
കൃത്തിവാസാമഹാദേവൻപിത്തകോപംസഹിയാഞ്ഞു
വെട്ടിവെട്ടിച്ചിരിക്കുമ്പോളെട്ടുദിക്കുംനടുങ്ങുന്നു

തട്ടിമട്ടിതകൎന്നഭൂതജാലങ്ങളന്നേരം
കാലുകൊണ്ടുമഹാരുദ്രൻനാലുഭാഗേചവിട്ടുമ്പോൾ
ശൈലമെല്ലാംവിറയ്ക്കുന്നുനാലുപാടുംനടുങ്ങുന്നു
ശൈലഭഃഗേതപംചെയ്യുംവാനവന്മാരുടെമുമ്പിൽ
ചാലവേയങ്ങെഴുന്നള്ളിപ്രകാശിച്ചുനിന്നരുളി
ദേവകളുംമുനിമാരുംമുകുന്ദനുമിന്നിവിടെ
സേവചെയ്വാനവകാശംപറഞ്ഞാലുംവഴിപോലെ
ശങ്കരന്റെയരുളപ്പാടതുകേട്ടുദേവകളും
തിങ്കൾമൌലിചന്ദ്രചൂഡൻതന്നെനോക്കിസ്തുതിചെയ്താർ
ശങ്കരായശിവങ്കരായനിരഞ്ജനായനമോസ്തുതേ
പങ്കജായുധഭഞ്ജനായനിരഞ്ജനായനമോസ്തുതേ
ചന്ദ്രചൂഡനമോസ്തുതേഹരഗൌരീനാഥനമോസ്തുതേ
ബാലചന്ദ്രവിഭൂഷണഹരനീലകണ്ഠനമോസ്തുതേ
ഫാലലോലകൃശാനുരൂപവിലോചനായനമോസ്തുതേ
ലോകനാഥനമോസ്തുതേനിഖിലേശകാമവിനാശന
കാലകാലനമോസ്തുതേകരുണാനിധേശരണംഭവാൻ
അടിയങ്ങടെനാടുകൾവീടുകളും
മുടിയുന്നിതുപോറ്റിധരിക്കണമേ
പാടുപാഴരനേകമോരായിരവും
പടനായകരുംപടുദാനവരും
ഉടനേപുരദാനവകണ്ടകരും
വടിവോടുമുടിച്ചുജഗത്തഖിലം
അവരോടുപടയ്ക്കിഹനേരിടുവാൻ
ഭുവനത്തിലൊരുത്തനുമില്ലദൃഢം
അവനത്തലൊരിത്തിരിയില്ല, ഭവാൻ
ഇവയൊക്കെയറിഞ്ഞുതുണയ്ക്കണമേ
മറിമാൻമഴുശ്ശൂലകടുന്തുടിയും
മണിവട്ടകമാലകപാലമതും
ജടയുംമുടിയിൽസുരവാഹിനിയും
തുടയിൽഗിരിതന്നുടെകന്യകയും
നടനങ്ങളുമെന്നിവനിൻചരിതം
അടിയങ്ങടെചേതസിതോന്നണമേ.

ഫാടത്തോറമടങ്ങിജ്ജഗത്താഖിലം
തടവില്ലൊരുദിക്കിലവൎക്കുവിഭോ!
മുക്കണ്ണനഭഗവാനേമൂർഖന്മാരസുരന്മാ
രൊക്കത്തക്കവേമൂന്നേമുക്കാൽനാഴികകൊണ്ടു
ചിക്കെന്നവധിച്ചെന്നാലക്കാലംനാശമെന്നു
തൃക്കണ്ണാൽവരമേകിപാൎക്കന്നുവിരിഞ്ചനും
ഇക്കാലമതിന്നുള്ളതക്കവുമുള്ളവായി
ധിക്കാരികളായുള്ള മൂർഖന്മാരസുരരേ
തീക്കണ്ണിലെരിപ്പാനായ് തിരുവുള്ളംഭവിക്കേണം
ഇത്ഥമോരോസ്തുതിവാക്യംകേട്ടുകേട്ടുപ്രസാദിച്ച
കൃത്തിവാസാമഹാദേവൻസത്വരമൊന്നരുൾചെയ്തു:
ദുഷ്ടരാകുമസുരരേയിപ്പൊഴേ ഞാൻഹനിച്ചീടാം
ഒട്ടുമേനിങ്ങടേയുള്ളിലാധിയുംവ്യാധിയുംവേണ്ടാ.
വില്ലുംബാണവുംനാസ്തിവിദഗ്ദ്ധൻസൂതനുംനാസ്തി
ഇല്ലല്ലോകുതിരകൾനല്ലോരുരഥമില്ല
എല്ലാമിങ്ങുള്ളവാക്കാനെല്ലാരുംശ്രമിക്കേണം
അല്ലാതെപുരന്മാരെക്കൊല്ലാനിങ്ങെളുതല്ലാ
കാലകാലൻമഹാദേവനിത്രമാത്രമരചെയ്തു
ലീലയായിമഹാമേരുപൎവ്വതത്തെപ്പിഴുതാശു
ബാലവൃക്ഷക്കഴപോലെനിവിൎത്തിനിൎത്തിനാൻപിന്നെ
ചാലവേതന്ന് ടങ്കയ്യിലാക്കിനാൻശ്രീമഹാദേവൻ
ഭാസുരമാംകരന്തന്നിൽകടകമായ്ക്കിടക്കുന്ന
വാസുകിയോടരുൾചെയ്തുഭഗവാൻശ്രീമഹാദേവൻ
താരകൻറസുതന്മാരാംപുരന്മാരെക്കൊലചെയ്വാൻ
മേരുശൈലംചാപമാക്കിക്കുലപ്പാനായ്ത്തുടങ്ങുന്നു
വീരനായവാസുകേ!നീചാരുഞാണായ് ചമഞ്ഞാലും
ഭൂരിദീൎഘംകലൎന്നോരുശരീരത്തെധരിച്ചാലും
ശങ്കരൻറഅരുളപ്പാടതുകേട്ടുസൎപ്പരാജൻ
കങ്കണത്വംവെടിഞ്ഞാശുവളൎന്നുകാണായിവന്നു.
തങ്കശൈലാധിപൻതൻറശിരസ്സിങ്കൽകെട്ടുപെട്ടു
വൻകയറായ് നീണ്ടുനീണ്ടുനൂറുനൂറായിരക്കാതം.
ഭൂമിദേവീരഥമായിവിരിഞ്ചൻസാരഥിയായി

സോമനുംസൂൎയ്യനുംരണ്ടുവണ്ടിയായിച്ചേൎന്നുകൂടി
നാലുവേദങ്ങളുംനാലുകുതിരകളായ് ചമഞ്ഞു
മൂലമന്ത്രസ്വരൂപമാംപ്രണവംചമ്മട്ടിയായി
ശരമായിവിഷ്ണുദേവൻതൂവലായീവായുദേവൻ
ശരത്തിനുശയിപ്പാനങ്ങനന്തൻതൂണിയുമായി
തരത്തിൽമൂവ്വരെക്കൊണ്ടുംശരംതീൎത്തുശംഭുദേവൻ.
സൎപ്പജാലംപലകൂടിച്ചുട്ടയായിതൊപ്പിയായി
കെല്പിനോടേപടക്കൊട്ടുംകൊട്ടിനാൻനന്ദികേശ്വരൻ.
മേരുശൈലംവളച്ചുപിടിച്ചു
മാരവൈരിവലിച്ചുകലച്ചു
അമ്പെടുത്തുതൊടുത്തുനിറച്ചു
അമ്പിളിക്കലനിന്നുവിറച്ചു
കമ്പമേറ്റംജഗത്തിന്നുറച്ചു
ചെമ്പകബാണവൈരിമദിച്ചു
ആറലച്ചുകുറിളച്ചു, ആഹവത്തിനുമോഹമുറച്ചു.
കാളകണ്ഠശരീരംവളൎന്നു
കാളികൂളികളേറ്റമിയന്നു
ആൽത്തറയ്ക്കലടുത്തുചെന്നപ്പോൾ
ചീൎത്തവേദനദാനവന്മാൎക്കും
ആരിതെന്നുവിചാരംതുടങ്ങി
താരകാക്ഷനുംഭീതിതുടങ്ങി
കാമവൈരീകാലവൈരീകാലതാമസംവിട്ടുടൻതേടി.
ശ്രീപതിബാണമുഖത്തിങ്കൽനിന്നു്
ദാവാനലജ്വാലകത്തിത്തുടങ്ങീ
ശ്രീപരമേശ്വരൻതൻത്രിനേത്രത്തീന്നു
ഘോരമായ് ധൂമമെഴുന്നുതുടങ്ങി
ശുക്രമുനിതന്റെശിഷ്യരായുള്ളോരു
മുപ്പുരന്മാരുംദഹിച്ചിതപ്പോൾ.
ശംഭോമഹാദേവശംഭോമഹാദേവ
ശംഭോമഹാദേവശങ്കരശംഭോ.

ത്രിപുരദഹനം പറയൻ തുള്ളൽ സമാപ്തം.

ശ്രീകൃഷ്ണവിലാസം
ഗ്രന്ഥശാല
മലയിൻകീഴ്

Malayinkil Reading Room

# ത്രിപുരദഹനം

തുള്ളക്കഥ.

'പാഠശാലകളുടെ ഉപയോഗത്തിനായി ഗവർമെൻറിൻെറ ആവശ്യപ്രകാരം സംസ്കരിച്ചു അച്ചടിപ്പിച്ചിട്ടുള്ളതു്.'

പ്രസാധകന്മാർ.

കെ. ആർ. കൃഷ്ണപിള്ള ബി. ഏ.

പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ.

ബി. വി. ബുക്ക് ഡിപ്പൊ,

തിരുവനന്തപുരം.

പകൎപ്പവകാശം.

പ്രകടനാധികൃതൻ

കുളക്കുന്നത്തു് ഗോപാലമേനോൻ.

☞ പ്രസാധകൻ കെ. ആർ. കൃഷ്ണപിള്ള ബി. ഏ. യുടെയും പ്രകടനാധികൃതൻെറയും മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

വില ചക്രം 8.